KSFDC

# ഫിലിം വിഷൻ

DIGITALMAGAZINE PUBLISHED BY FILCA FILM SOCIETY

കേരള ഭാഗ്യക്കുറി

filca

PH:8089036090

website:www.filca .in

email :filca kerala@gmail.com

വോള്യം -8 | ലക്കം -139 | ജൂൺ 2025 | മലയാളം - ഇംഗ്ലീഷ്

Filca film society in association with Higher Education Dept. , Govt.of Kerala, Public Library, Chalachithra Academy, AFSoK ( Association of Film Societies of Kerala), Lottery Dept., Agriculture Dept., Beam FS, Priyadarshini FS, Barter Publishing, HLL Life Care , KX Pharma and other organisations.




All are welcome | Admission to people who are above 18 years old | Free Entry


കേരള സർക്കാർ
കേരള സംസ്ഥാന ഭാഗ്യക്കുറി
മൺസൂൺ ബമ്പർ
ഭാഗ്യക്കുറി 2025
MONSOON BUMPER LOTTERY 2025
ഒന്നാം സമ്മാനം
₹10 കോടി
COMMON TO ALL SERIES
ടിക്കറ്റ് വില ₹250
രണ്ടാം സമ്മാനം ₹10 ലക്ഷം വീതം 5 പരമ്പരകൾക്ക്
മൂന്നാം സമ്മാനം ₹5 ലക്ഷം വീതം 5 പരമ്പരകൾക്ക്
നാലാം സമ്മാനം ₹3 ലക്ഷം വീതം 5 പരമ്പരകൾക്ക്
DATE OF DRAW
23-07-2025, 2pm
BR104
MA, MB, MC, MD, ME series
കൂടാതെ 5000, 1000, 500, 250 രൂപയുടെ നിരവധി സമ്മാനങ്ങൾ
For draw results: www.statelottery.kerala.gov.in


Innovating for Healthy Generations
HLL has traversed a long path, over the past five decades. From a modest condom manufacturer, HLL has emerged as one of India's foremost providers of quality & affordable healthcare products and services. From innovative Contraceptives to Hospital products, Diagnostic services to Retail Pharmacy, creating new-age Infrastructure to Social development initiatives, we are doing all it takes to keep the generations healthy.
HLL Lifecare Limited
(A Government of India Enterprise)
www.lifecarehll.com
Contraceptives | Hospital Products | Nutraceuticals | Personal Care Products | Diagnostic Services | Retail Pharmacy | Projects & Services

June Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World literature and World cinema FilmFestival



# FILM VISION DIGITAL FILM MAGAZINE


## WHATS INSIDE JUNE 2025

INDEX

1. World literature and world cinema film festival series in connection with 25th year of the Filca film society
ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 9


2. അക്ഷരമഹിമ, ദൃശ്യ ചാരുത- ഡോ. ജോർജ്ജ് ഓണക്കൂർ 11


3. ലൗ ഇൻ ദി ടൈം ഓഫ് കോളറ ; ഗബ്രിയേൽ ഗാർഷ്യ മാർക്വിസ്
-സാബു ശങ്കർ (ഫിൽക്ക) 14


4. മാജിക്കൽ റിയലിസവും ലാറ്റിൻ അമേരിക്കയും–
വിനോദ്കുമാർ. പി (ഫിൽക്ക) 23


5. ഗബ്രിയേൽ ഗാർസിയ മാർകേസിന്റെ ജീവിതഗാഥ
– സുരേഷ്കുമാർ.സി (ബീം ഫിലിം സൊസൈറ്റി). 27


6. മൈക്ക് ന്യൂവെൽ – ലൗ ഇൻ ദി ടൈം ഓഫ് കോളറയുടെ സംവിധായകൻ
–വിനോദ്കുമാർ. പി (ഫിൽക്ക) 29


7. (കവിത) ഒരു കോളറക്കാലത്തെ പ്രണയം- പുഷ്പ അനിൽ 31


8. ഹാംലറ്റ് –സംവിധായകൻ ഗ്രിഗറി കൊസിന്റ്സേവ് -
പി.എസ്.ജ്യോതിഷ് കുമാർ ( ഫിൽക്ക) 34


9. ലോകസാഹിത്യ ചരിത്രത്തിൽ ഷേക്സ്പീയർ നാടകങ്ങളുടെ കലാമൂല്യം
- ഡോ. പി.അജികുമാർ ( ഫിൽക്ക) 38


10. ഗ്രിഗറി കൊസിന്റ്സേവ് എന്ന ചലച്ചിത്രകാരൻ
– ഗിരിജ സുരേന്ദ്രൻ (ഫിൽക്ക) 40


11. (കവിത) ഹാംലറ്റ് – രാജാംബിക എസ്.എസ് (ഫിൽക്ക) 42


12. (പ്രതികരണം)ഫിൽക്ക ഫിലിം സൊസൈറ്റിയുടെ മെയ് മാസ പരിപാടി
ആൽഫ്രഡ് ഹിച്ച്കോക്ക് ഫിലിം ഫെസ്റ്റിവൽ –ജോൺ തോമസ് (ഫിൽക്ക) 45


Website:www.filca.in Email:filcakerala@gmail.com

# FILM VISION

**PROGRAM** INAUGURATION:

State Central &Public Library Auditorium
Palayam ,
Trivandrum.

**21st, SATURDAY, JUNE 2025**

Filca film society in association with Higher Education Dept. , Govt.of Kerala, Public Library Chalachithra Academy, AFSoK ( Association of Film Societies of Kerala), Lottery Dept., Agriculture Dept., Beam FS, Priyadarshini FS, Barter Publishing, HLL Life Care , KX Pharma and other organisations.

## WORLD LITERATURE AND WORLD CINEMA FILM FESTIVAL


## Inauguration Program

Filca

Welcome : **SABU SANKAR**
( Novelist, Film Author, Director, )



Presided over : **DR. B. RADHAKRISHNAN**
( President, Filca Film Society & Former Principal - Director, Pariyaram Medical College)



Inauguration : **DR. R . BINDU**
( Hon'ble Minister for Higher Education & Social Justice, Govt.of Kerala. )




Film Book Release.



Principal Speech on world literature and world cinema : **DR. GEORGE ONAKKOOR.**



Inauguration of Kerala Pedia News Portal & Kerala Visual Encyclopedia : **PREMKUMAR**
(Actor & Chairman, Kerala Chalachithra Academy. )



Gratitude : **THOMSON LAWRENCE**
(President, Thalasthana Pourasamithi & Priyadarshini Film Society).



free entry (admisson to people are above 18 years old) all are welcomed

# WORLD LITERATURE AND CINEMA FILM FESTIVAL

Filca film society in association with Higher Education Dept. , Govt.of Kerala, Public Library,Chalachithra Academy, Lottery Dept.,Agriculture Dept., AFSoK ( Association of Film Societies of Kerala),Beam FS, Priyadarshini FS, Barter Publishing, HLL Life Care , KX Pharma and other organisations.

| 21 SATURDAY, June, 2025. | SCREENING SCHEDULE | State Central & Public Library Auditorium ,Palayam. |
|---|---|---|

## FILCA FILM SOCIETY

FILM FEST PART -1



03:00 PM

**HAMLET**


**WILLIAM SHAKESPEARE**

USSR/ 1964 / 140 MIN.

**DIR: GREGORY KOZINTSEV**







05:45 PM

**LOVE IN THE TIME OF CHOLERA**


**GABRIEL GARCIA MARQUIS**

USA / 2007 / 139 MINS

**DIR: MIKE NEWELL**







ആയിരത്തിലധികം സിനിമാപുസ്തകങ്ങളിലേക്കുള്ള സൂചികാഗ്രന്ഥം
ചലച്ചിത്രസാഹിത്യവും ഗ്രന്ഥസൂചിയും
ചലച്ചിത്ര സാഹിത്യവും ഗ്രന്ഥ സൂചിയും
ചലച്ചിത്രസംബന്ധിയായ മലയാളപുസ്തകങ്ങളുടെ ലഘുവിജ്ഞാനകോശം
മനോജ് മനോഹരൻ
ഓഫർ വില ₹ 500 രൂപ
മനോജ് മനോഹരൻ
MRP: ₹ 600
സിനിമയുടെ ആവിർഭാവം മുതൽ 2020 വരെയുള്ള കാലഘട്ടത്തിൽ മലയാളഭാഷയിൽ പ്രസിദ്ധീകൃതമായിട്ടുള്ള ചലച്ചിത്രസംബന്ധിയായ കൃതികളുടെ ഗ്രന്ഥസൂചിയും ചലച്ചിത്രസാഹിത്യകൃതികളുടെ ചരിത്രാവലോകനവുമാണ് ഈ ഗ്രന്ഥത്തിന്റെ പ്രധാന ഉള്ളടക്കം. മലയാളത്തിലെ ചലച്ചിത്രസാഹിത്യത്തെക്കുറിച്ച് സാമാന്യധാരണ ലഭിക്കാൻ ഈ ഗ്രന്ഥം സഹായകമാണ്.
ഗവേഷകന്റെ ദീർഘകാലത്തെ പരിശ്രമത്തിന്റെ ഫലമായ ഈ ഗ്രന്ഥം സിനിമയെ സംബന്ധിച്ചുള്ള നിരന്തരമായ പഠനം നടത്തുന്നവരും ചലച്ചിത്രസാഹിത്യതൽപരരും കൈവശം സൂക്ഷിക്കേണ്ട റഫറൻസ് ഗ്രന്ഥമാണ്.
SPECIAL OFFER FOR FILCA MEMBERS*
# 600 രൂപ മുഖവിലയുള്ള പുസ്തകം 500 രൂപയ്ക്ക് ഫിൽക്ക ഫിലിം സൊസൈറ്റി അംഗങ്ങൾക്ക് ലഭിക്കുന്നതാണ്.
# 100 രൂപ അഡ്വാൻസ് മാത്രം അടച്ച് പുസ്തകം വാങ്ങാവുന്നതാണ്. ബാക്കി 400 രൂപ തവണകളായി അടച്ചാൽ മതിയാകും.
# വിവരങ്ങൾക്ക് 9539150050 എന്ന നമ്പറിൽ ബന്ധപ്പെടുക.
SCAN ME & PAY
BARTER PUBLISHING
For online purchase visit www.barterpublishing.in
WhatsApp & UPI Number: 9539150050
Email: barterpublishing@gmail.com
പുസ്തകം ആമസോണിലും ലഭ്യമാണ്
*Offer valid till July 31, 2025. Terms & Conditions Apply.


Higher Education Department
കേരള സർക്കാർ
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ADDITIONAL SKILL ACQUISITION PROGRAMME
asap
A Govt. of Kerala Undertaking
ആധുനിക തൊഴിൽ മേഖലകളിൽ അസാപ് കേരള നൽകുന്ന
പരിശീലനം വഴി മികച്ച തൊഴിൽ അവസരങ്ങൾ സ്വന്തമാക്കാം
അസാപ് കേരളയുടെ
നൂതന ഹ്രസ്വകാല
നൈപുണ്യപരിശീലന
കോഴ്സുകൾ
ഇനി ലോകം നിങ്ങളെ തേടട്ടെ...!!!
ചെറിയ കാലയളവിൽ
പരിശീലനം
വലിയ വേതനത്തിൽ
ജോലി
GET SKILLED WITH ASAP KERALA
www.asapkerala.gov.in
9495 999 623/709

# World literature and world cinema film festival series in connection with 25th year of the Filca film society



**Dr. B. Radhakrishnan**
(President, Filca Fim Society
& Former Principal - Director ,
Pariyaram Medical College **)**

Filca Film Society was established in 1999 with the leadership of Late P.K.Nair, former director of the National Film Archive, Pune. Many eminent film personalities and writers have participated in the Filca film society from its inception. This year, Filca celebrates its 25th anniversary with some unique projects, like the world literature and world cinema festival that will screen 25 notable world classics. The festival is planned to run from June 2025 to January 2026, with screenings every month except in December.

Our digital film magazine, Film Vision, will be an information bank about the selected films, world-renowned authors and directors.

In addition to the 7-month-long film festival, Filca has started a news portal named keralapedia.com and a special project of Kerala Visual Encyclopaedia. The Kerala visual encyclopaedia will have several documentary films about the features of each place in Corporations, Municipalities and Panchayaths. This research-oriented, informative, educational and attractive series will be a continuous production process as an online program for the public. It is also an employment generation program for freelance journalists, retired persons, home makers, students, social workers, cine-technicians and job seekers.

The keralapedia.com news channel and Kerala Visual Encyclopaedia will also be inaugurated along with the film festival on 21 June 2025. We extent our thanks to Dr. R. Bindu, Hon'ble Minister for Higher Education and Social Justice, Govt. of Kerala, Dr. George Onakkoor and Mr. Premkumar, Actor & Chairman, Kerala Chalachithra Academy for their support for this venture.

The world literature and world cinema film fest , conducted in association with Higher Education Dept., Public Library , Chalachithra Academy , Beam Film Society , Priyadarshini Film Society , Barter Publishing , Lottery Dept., HLL Life Care , Agricultural Dept., and KX Pharma , will be a fruitful cultural and educational event to the public , art lovers and students .

Literature and cinema have a complex and multifaceted relationship, with both influencing the other in various ways. Many classic films are adaptations of literary works, such as novels, plays, or short stories. The Filmmakers often take creative liberties with the original work, interpreting it in their way to present the visual narrative.

Literature and cinema have different storytelling capabilities, with literature relying on the reader's imagination and cinema using visual and auditory elements. The pacing and tone of literature and cinema can differ significantly, with literature often allowing for more introspection and cinema emphasising action and dialogue.

Both literature and cinema tell stories, often to entertain, educate, or provoke thought. Both focus on character development, exploring the human condition and emotions and play important roles in shaping culture and society, reflecting and commenting on the world around us.

When literary content transforms into cinematic presentation, the form and style undergo significant changes. The transition from literary to visual sense requires a deep understanding of both media and the ability to effectively convey the story and its themes in a new and engaging way. Literary works are typically written in prose or poetry, while cinematic presentations rely on visual aesthetic possibilities. The narrative structure may change from a linear or non-linear format in literature to a more linear or fragmented format in cinema.

The characters' thoughts, feelings, and motivations may be conveyed through dialogue, action, and visual cues in cinema, rather than through internal monologues or narration.

The transformation of literary content into cinematic presentation involves a range of creative decisions, from adapting the narrative structure and characterisation to using visual and auditory elements to tell the story. The cinematic presentation may aim to remain faithful to the original literary work or take creative liberties to reinterpret the story. Filmmakers use various techniques like montage, mise-en-scène, and cinematography to convey the story and themes. The cinematic techniques aim to engage the audience emotionally, intellectually, or viscerally to create a memorable experience.

Readers interpret the text in their way, while visual media apparently presents a more concrete interpretation. Visual media can provide more detailed and nuanced representations of characters, settings, and actions. Translating the tone and atmosphere of a literary work into a visual medium can be a challenging task.

Filca and our associates heartfully invite you all to this outstanding ' visual feast ' . Thank you.



June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival



# അക്ഷരമഹിമ, ദൃശ്യ ചാരുത



ഡോ.ജോർജ്ജ് ഓണക്കൂർ


വാക്കുകളുടെ കലയാണ് സാഹിത്യം. ചലച്ചിത്രം ദൃശ്യമാധുരി പകരുന്നു. രണ്ടും രണ്ടു തലത്തിലാണ് ആസ്വാദക മനസ്സുകളെ ആകർഷിക്കുന്നത്.

മുൻപൊക്കെ നാം ആസ്വദിക്കുന്ന ചലച്ചിത്ര ങ്ങൾ സാഹിത്യത്തിൻെറ ദൃശ്യാവിഷ് കാരമായിരുന്നു. ലോകപ്രസിദ്ധങ്ങളായ പല കഥകളും നോവലുകളും നാടകങ്ങളും ഒക്കെ അതിന്റെ ദൃശ്യഭംഗിയിൽ ആവി ഷ്ക്കരിച്ച് മനോഹരങ്ങളായ ചലച്ചിത്ര ങ്ങളായി രൂപപ്പെട്ടിട്ടുണ്ട്.

ഇപ്പോഴത്തെ അവസ്ഥയിൽ സാഹിത്യം സിനിമയിൽ സ്വാധീനം ചെലുത്തുന്നു എന്നു പറയുന്നത് ചലച്ചിത്ര പ്രവർത്തകർക്ക് ഒരു അപകർഷബോധം സൃഷ്ടിക്കുന്നുണ്ടോ എന്ന് സംശയമുണ്ട്.

കാരണം, അത്തരം ചില പ്രവണതകൾക്ക് ഞാനും സാക്ഷിയായിട്ടുണ്ട്. മനോഹരമായ ഒരു സാഹിത്യസൃഷ്ടി, നോവൽ അല്ലെങ്കിൽ നാടകം ചലച്ചിത്രമാക്കുമ്പോൾ കുറഞ്ഞ പക്ഷം ആ മൗലിക കൃതിയുടെ പേരെങ്കിലും എടുത്തുമാറ്റി ഒരു പുതിയ നാമകരണം നടത്തി അതിൻെറ അസ്തിത്വം, സാഹിത്യ ത്തിലുള്ള അസ്തിത്വം ഇല്ലായ്മ ചെയ്യുന്ന തിന് പ്രഗത്ഭരായ പല സാഹിത്യകാരന്മാരും ശ്രമിച്ചിട്ടുള്ളതിന് ഞാനും സാക്ഷിയാണ്.

ലോകപ്രസിദ്ധങ്ങളായ പല സിനിമകളും എടുത്തു നോക്കുമ്പോൾ അതിൻെറ ആഴങ്ങളിലുള്ള അനുഭവ ഭംഗികൾ സാഹിത്യത്തിലേക്ക് കടന്നു ചെല്ലുന്നതായി




കാണാൻ കഴിയും. അതുകൊണ്ട് രണ്ടു കാര്യങ്ങൾ സംഭവിക്കുന്നു.

1.വിശ്വോത്തരങ്ങളായ സാഹിത്യ സൃഷ്ടികൾ അനശ്വരമായി നമ്മുടെ മനസ്സിൽ പതി യുന്നതിന് ചലച്ചിത്ര രൂപാന്തരീകരണം സഹായകമായി ഭവിക്കുന്നു. വായിക്കുന്ന തിനെക്കാൾ കണ്ടു ആസ്വദിക്കുന്നതാണ് എപ്പോഴും ഹൃദയത്തെ കൂടുതൽ സ്പർശി ക്കുന്നത്.

2.നാം വായിച്ചു ആസ്വദിക്കുന്ന അല്ലെങ്കിൽ നമ്മുടെ വായനയുടെ ലോകത്ത് അത്ഭുത ങ്ങൾ സൃഷ്ടിക്കുന്ന വാക്കുകളുടെ കലയായ സാഹിത്യം, ദൃശ്യ ഭംഗിയോ ടുകൂടി ചാതുരിയോടുകൂടി സെല്ലുലോയി

ഡിൽ ദർശിക്കാൻ ഇടവരുമ്പോൾ നമ്മുടെ ഹൃദയത്തെ കൂടുതൽ ആഴത്തിൽ സ്പർശിക്കും. നമ്മുടെ സംസ്ക്കാരത്തെ കൂടുതൽ വികസിതമാക്കും എന്നുള്ളത് തീർച്ചയാണ്. അത്തരം ധാരാളം അനുഭവങ്ങൾ നമുക്ക് ചൂണ്ടി കാണിക്കാൻ കഴിയും.

ലോകസിനിമയെയും ലോകസാഹിത്യത്തെയും ചേർത്തുവച്ച് നാം ആലോചിക്കുന്ന ഘട്ടത്തിൽ അത്തരം ആലോചനകൾക്ക് ധാരാളം അവസരങ്ങൾ ഉണ്ടായിട്ടുണ്ട് എന്നുള്ളത് ലോകസിനിമയുമായി കേവല ബന്ധമെങ്കിലും പുലർത്തിയിട്ടുള്ള ആളുകൾക്ക് അറിയാം.

മനസ്സിൽ മായാതെ നിൽക്കുന്ന രസാത്മകമായ ചില ചിത്രങ്ങൾ വായനയുടേതായാലും ചലച്ചിത്ര ദർശനത്തിന്റേതായാലും ധാരാളം രസാത്മക ചിത്രങ്ങൾ മനസ്സിന്റെ ഏടുകളിൽ മായാതെ നിൽക്കുന്നുണ്ട്.

ഒരു സാഹിത്യകൃതി, അതു നാടകമാണെങ്കിൽ വേദിയിൽ അവതരിപ്പിക്കുന്നു. അതിനുശേഷം അത് ചലച്ചിത്ര രൂപാന്തരം പ്രാപിക്കുമ്പോൾ ബഹുജനസമ്മതിയാർജ്ജിച്ച് ഒരു വലിയ സംസ്ക്കാര പൂർണ്ണത സൃഷ്ടിക്കുന്നതിന് സഹായിക്കാൻ സാധിക്കുന്നു. ഒട്ടേറെ കൃതികളെക്കുറിച്ച് ഇങ്ങനെ പറയാൻ സാധിക്കും.ലോകത്തിലെ മികച്ച കൃതികൾ പ്രത്യേകിച്ച് റഷ്യൻ സാഹിത്യം, അതിൽ ദെസ്തേവസ്കിയുടെ നോവലുകൾ. അതുപോലെ തന്നെ മാക്സിം ഗോർക്കിയുടെ മദർ പോലുള്ള കൃതികൾ. ഓരോന്നും തീർച്ചയായും തിരശ്ശീലയിൽ, അല്ലെങ്കിൽ യവനികയിൽ, ചലച്ചിത്രത്തിന്റെ യവനികയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച മഹത്തായിട്ടുള്ള ആസ്വാദന തലങ്ങൾ സൃഷ്ടിച്ചിട്ടുള്ള കൃതികൾ ആണ്.

നോവലുകൾ മികച്ചത്, ഹൃദയത്തിൽ പതിഞ്ഞത്, സംസ്ക്കാരം സൃഷ്ടിച്ചത്. അതിന്റെ ഒരു പൂർണ്ണിമ എന്നു പറയുന്നത് തീർച്ചയായും അതു നേരിട്ട് കാണാൻ ഉണ്ടായ അനുഭവം.

ഓരോ കഥാപാത്രവും നമ്മുടെ കൺമുന്നിലൂടെ കടന്നു പോകുമ്പോൾ അതു നമ്മുടെ മനസ്സിൽ പതിഞ്ഞ പൂർവ്വരൂപങ്ങളുമായി സാഹിത്യ രൂപങ്ങളെ താരതമ്യം ചെയ്ത് ഇതെങ്ങനെ സിനിമയിൽ പൂർണമാകുന്നു എന്ന് കാണാനുള്ള ഒരു സൗഭാഗ്യമുണ്ടായി. ബങ്കിംചന്ദ്രന്റേത് അല്ലെങ്കിൽ രവീന്ദ്രനാഥ ടാഗോറിന്റെ ഒക്കെ നോവലുകൾ തൊട്ട്, കൃതികൾ തൊട്ട് ഏറ്റവും ആധുനികരായിട്ടുള്ള എഴുത്തുകാർ, സാവിത്രി റോയിയുടേതായാലും വിമൽ മിത്രയുടേതായാലും ഒക്കെ നോവലുകൾ എങ്ങനെ ചലച്ചിത്രരൂപം പ്രാപിച്ച് സാഹിത്യകൃതികൾ സിനിമകളായി മാറി നമ്മുടെ സംസ്ക്കാരത്തെ ഉന്നമിപ്പിക്കുന്നു എന്നു കാണാനുള്ള സൗഭാഗ്യം ഉണ്ടായിട്ടുണ്ട്.

വിശ്വസാഹിത്യത്തിന്റെ ചൈതന്യ പ്രഭാവമാണ് വില്യം ഷേക്സ്പിയർ. ഷേക്സ്പിയറിന്റെ നാടകങ്ങൾ ലോകസാഹിത്യത്തിലെ ഏതുഭാഷയിൽ എഴുതപ്പെട്ടാലും ശക്തമായി സ്വാധീനിക്കുന്നവയാണ്. ഹാംലറ്റും ഒഥല്ലോയും മർച്ചന്റ് ഓഫ് വെനീസും കിങ്ങ് ലിയറും റ്റ്വൽത്ത് നൈറ്റും ഒക്കെ. അതുപോലെയുള്ള നാടകങ്ങൾ ഒക്കെയും ഒരു പുതിയ ലോകസംതൃപ്തി സൃഷ്ടിക്കുന്നതിന് സഹായിച്ചു എന്ന് എടുത്തു പറയേണ്ടതില്ല. ഏറ്റവും വലിയ അനുഗ്രഹം എന്നു പറയുന്നത് ഷേക്സ്പിയർ നാടകങ്ങളൊക്കെയും അഭ്രപാളികളിൽ ദർശിക്കാൻ ലോകജനതയ്ക്ക് ഭാഗ്യമുണ്ടായി എന്നതാണ്. മനോഹരമായ ചലച്ചിത്ര ആവി

ഷ്ക്കാരങ്ങൾ ഷേക്സ്പിയർ കൃതികളെ ആശ്രയിച്ച് സംഭവിച്ചിട്ടുണ്ട്. അത് ഏറെ ആസ്വദിക്കപ്പെട്ടിട്ടുമുണ്ടെന്നത് എടുത്തു പറയേണ്ട കാര്യമാണ്.

ഒഥല്ലോ, ഹാംലറ്റ്, മാക്ബത്ത് തുടങ്ങിയ വിശ്രുതങ്ങളായ നാടകങ്ങൾ അതിവിശ്രുത ങ്ങളായ സിനിമകളായി പരിണമിച്ചു എന്നത് നമുക്ക് പ്രത്യേകം ഓർമ്മിക്കാം. അതു കൊണ്ട് ലോകസംസ്ക്കാരത്തെ ആഴത്തിൽ സ്വാധീനിച്ച സാഹിത്യരൂപങ്ങൾ അതു പോലെ അതിന്റെ ചലച്ചിത്ര ആവിഷ്കാ രങ്ങൾ ഷേക്സ്പിയറുടെ പേരിൽ കുറിക്കപ്പെടുമ്പോൾ, നമ്മളൊരു പ്രത്യേക മേള സംഘടിപ്പിക്കുന്നത് ഏറെ പ്രസക്തമാണ്.

എടുത്തു പറയാൻ ആഗ്രഹിക്കുന്നത് ഇടക്കാലത്തായി സാഹിത്യവും സിനിമയും തമ്മിലുള്ള ബന്ധത്തിന്റെ, അല്ലെങ്കിൽ ആരൊക്കെയോ ചേർന്ന് മുറിച്ചു കളയാൻ ശ്രമിച്ച ആ ഒരു ബന്ധത്തിന്റെ ഇഴകൾ ഒന്ന് ഉറപ്പിച്ചു നിർത്തേണ്ടത് ആവശ്യമാണ്.

സിനിമയുടെ ശത്രുവല്ല സാഹിത്യം. അല്ലെങ്കിൽ സാഹിത്യത്തോട് ബന്ധപ്പെട്ടു നിൽക്കുന്നു എന്നുള്ളതുകൊണ്ട് സിനിമ യ്ക്ക് ഒരു അപകർഷവും സംഭവിക്കുന്നില്ല. മാത്രമല്ല, ജീവിത ആവിഷ്കാരം എന്നുള്ള നിലയ്ക്ക് നമുക്ക് കോറിയിടാൻ കഴിയുന്ന വരകളിൽ, വരഞ്ഞിടാൻ കഴിയുന്ന വ്യക്തി രൂപങ്ങൾ ചലച്ചിത്രത്തിൽ വരുമ്പോൾ അതിനൊരു പൂർണ്ണത കിട്ടുന്നു എന്നുള്ളതു കൊണ്ട് പരസ്പര ബന്ധിതമായി സാഹിത്യവും സിനിമയും നിലനിൽക്കുന്നു എന്നുള്ളൊരു കാഴ്ചപ്പാടാണ് ഈ രണ്ടു രംഗത്തും പ്രവർത്തിക്കാൻ ഭാഗ്യ മുണ്ടായ ഒരെളിയ കലാകാരൻ അല്ലെങ്കിൽ കലാപ്രവർത്തകൻ എന്നുള്ള നിലയ്ക്ക് എനിക്ക് അഭിമാനപൂർവ്വം ഓർമ്മിക്കാനു ള്ളത്. അതുകൊണ്ട് വിശ്വസാഹിത്യത്തിന്റെ പ്രകാശമാനമായ ഒരു രൂപം എന്നാണ് വിശ്വസിനിമയെ അടയാളപ്പെടുത്താൻ തോന്നുന്നത്.

ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ഇരുപത്തിയഞ്ചാം വാർഷികം പ്രമാണിച്ചു തിരുവനന്തപുരത്ത് 25 സിനിമകൾ പ്രദർശിപ്പിക്കുന്നു. വളരെ സന്തോഷം തോന്നുന്നു. പല പ്രാവശ്യം കണ്ടവ യാണെങ്കിലും അതു വീണ്ടും കാണാ നുള്ള മോഹം. അതിനുള്ള ഒരവസരം ആണ് ഫിൽക്ക ഫിലിം സൊസൈറ്റി ഒരുക്കിത്തരുന്നത്. ഉദ്ഘാടനദിവസത്തെ ഹാംലെറ്റ്, കോളറക്കാലത്തെ പ്രണയം തുടങ്ങി ഇരുപത്തിയഞ്ച് വിശ്വസിനിമകൾ.

വിശ്വസാഹിത്യവും വിശ്വസിനിമയും, അത് നമ്മുടെ ഹൃദയത്തെ എങ്ങനെ ഉണർത്തുന്നു, നമ്മുടെ ഹൃദയ ഭൂപടത്തെ എങ്ങനെ സുന്ദരമാക്കുന്നു എന്നുള്ളതിന്റെ വലിയ അനുഭവ വേദിയിലേയ്ക്കാണ്, അനുഭവ തലത്തിലേയ്ക്കാണ് ഈ ചലച്ചിത്രോത്സവം മാറുന്നത്.

25 വർഷം പിന്നിടുന്ന ഫിൽക്കയുടെ ഇനിയുള്ള കർമ്മകാലം അതിസൗഭഗം നിറഞ്ഞതാകട്ടെ, ധന്യമാകട്ടെ എന്നും ഈ അവസരത്തിൽ പ്രത്യേകം ആശംസിക്കുന്നു. അണിയറപ്രവർത്തകരോടും ചലച്ചിത്ര ആസ്വാദകരോടും
ഏറെ സ്നേഹം.....
സന്തോഷം....


June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival



# ലൗ ഇൻ ദി ടൈം ഓഫ് കോളറ : ഗബ്രിയേൽ ഗാർഷ്യ മാർക്കിസ്



സാബു ശങ്കർ
(ജനറൽ സെക്രട്ടറി, ഫിൽക്ക)




അലെജോ കാർപെന്റിയർ എന്ന ക്യൂബൻ സാഹിത്യകാരൻ ദി കിങ്ഡം ഓഫ് ദിസ് വേൾഡ് എന്ന നോവൽ രചിക്കുന്നത് 1949 -ൽ ആണ് . ഹൈതി അടിമ വിപ്ലവത്തിന് ശേഷമുള്ള രാഷ്ട്രീയ സംഭവങ്ങളിൽ നിന്നും ജനകീയ നേതാക്കളുടെ നിന്നും ഊർജ്ജം സ്വീകരിച്ചു രൂപപ്പെട്ടതാണ് ഈ നോവൽ . ഇതിൽ അത്ഭുത യാഥാർഥ്യങ്ങളുണ്ട് . കാട്ടുപച്ചമരുന്നുകൾ ആഹരിച്ചാലു ണ്ടാവുന്ന അത്ഭുത സിദ്ധികൾ പോരാട്ട നായകന് ലഭിക്കുന്നു . കരീബിയൻ - ലാറ്റിനമേരിക്കൻ സാഹിത്യത്തിൽ ഈ നോവൽ മാജിക്കൽ റിയലിസം എന്ന കലാദർശനത്തിന് ചിറകു നൽകിയെന്നു പറയാം .

കഥപറച്ചിലിന്റെ പാരമ്പര്യമുള്ള , സാംസ്കാരിക വൈവിധ്യമുള്ള ലാറ്റിന മേരിക്കയിലെ സാധാരണ നാടോടി കഥകളിൽ നിന്നും മിത്തുകളിൽ നിന്നും വ്യത്യസ്തമായി ആ ഭൂമേഖലയുടെ ചരിത്രവും രാഷ്ട്രീയവും മനുഷ്യാവസ്ഥയു മൊക്കെ പ്രതിപാദിക്കാനും പ്രതികരി ക്കാനും രൂപകാതിശയോക്തി, പ്രതീകം , സാധർമ്മ്യം, ഐതിഹാസികത, മാന്ത്രികത, യൂറോപ്യൻ - ആഫ്രിക്കൻ വംശപാരമ്പര്യം , കൊളോണിയൽ - നവ കൊളോണിയൽ അധികാരം ,പ്രണയം തുടങ്ങിയവ ഇഴുകിച്ചേർന്ന സംഭവങ്ങളും കഥാപാത്ര ങ്ങളും നിറഞ്ഞ ആവിഷ്ക്കാര ശൈലി ചിതകലയിലും സാഹിത്യത്തിലും 1940 -കൾ മുതൽക്കേ പ്രത്യക്ഷമായിരുന്നു .

ക്യൂബൻ സാഹിത്യകാരൻ അലെജോ കാർപെന്റിയർ , ഗ്വാട്ടിമാലയിലെ മിഗു വേൽ ഏഞ്ചൽ അസ്തുറിയസ്, മെക്സിക്കോയിലെ അഗസ്റ്റിൻ യാനെസ് , അർജന്റീനയിലെ ലിയോപോൾഡോ മാർഷൽ തുടങ്ങിയവരുടെ സമകാലീന നാണ് കൊളംബിയയിലെ ഗബ്രിയേൽ ഗാർഷ്യ മാർകിസ് .

മനുഷ്യനീതി , സാമൂഹിക സങ്കീർണത കളിൽ നിന്ന് ആധുനിക ലോകത്തേക്കുള്ള പ്രവേശനം , ദേശീയത , ജനാധിപത്യ സ്വാതന്ത്ര്യം , ഭരണമാറ്റങ്ങൾ എന്നിവ യ്ക്ക് വേണ്ടിയുള്ള സായുധ വിപ്ലവ ങ്ങളും പ്രതിവിപ്ലവങ്ങളും സൈനിക അടിച്ചമർത്തലും രക്തസാക്ഷിത്വങ്ങളും പുതുവിപ്ലവ രാഷ്ട്രീയവും ഒക്കെ കലുഷിതമാക്കിയ ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ നിന്നുള്ള ഡോക്യുമെന്ററി

ചിത്രങ്ങൾ 1910 -കൾ മുതൽക്കേ രാഷ്ട്രീയ പ്രമേയങ്ങൾ സാഹസികമായി ഉൾക്കൊള്ളുന്നവയായിരുന്നു . 1950 - കൾ മുതൽ നവസിനിമാ പ്രസ്ഥാനങ്ങൾ വിവിധ രാജ്യങ്ങളിൽ രൂപംകൊണ്ടു .

നെൽസൺ പെരേര ഡോസ് സാന്റോസ് , ഗ്ലോബർ റോഷ, ഫെർണാഡോ ബിറി , റേഗുര, കാർലോസ് ഡീഗസ്,ഫെർണാണ്ടോ സോളിനാസ്, കാർലോസ് മയാലോ, ലൂയിസ് ഒസ്പിനാ,ഹെക്ടർ ബാബെൻകോ, തോമസ് ഗതിരെസ് എലിയാ, ഹംബർട്ടോ സോളാസ് , അലെജാന്ദ്രോ ഗോൺസാലസ് ഇനാറിത്തു ,ജോർജ്ജ് സാഞ്ചിൻസ്, റൗൾ റൂയിസ് , ഒക്റ്റേവിയോ ഗെറ്റിനോ , ലൂയി ബുനുവൽ, അർതുറോ റെപ്സ്റ്റെയിൻ , മിഗുവേൽ ലിറ്റിൻ എന്നിങ്ങനെ സംവിധായകരുടെ നീണ്ട നിര ലാറ്റിനമേരിക്കൻ ചലച്ചിത്ര ചരിത്രത്തിൽ കാണാം .

1960 -കളിലും 1970 -കളിലും രൂപംകൊണ്ട ആഗോള രാഷ്ട്രീയ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ഉരുത്തിരിഞ്ഞ ചലച്ചിത്ര ചിന്തകളും കാവ്യാത്മക പരീക്ഷണങ്ങളും സാമൂഹിക യാഥാർഥ്യങ്ങളെ നിർവചിക്കാനുള്ള ഉപാധികളായിരുന്നു . ഇങ്ങനെ ലാറ്റിനമേരിക്കൻ സിനിമാ പ്രസ്ഥാനങ്ങൾ മൂന്നാം ലോക സിനിമയുടെ സൗന്ദര്യ - പ്രത്യയ ശാസ്ത്രത്തിനും വഴിയൊരുക്കി . സായുധ പോരാട്ടങ്ങളും പട്ടാളഭരണവും ഒക്കെ അരങ്ങേറിയപ്പോൾ ചലച്ചിത്രകാരന്മാർ പലപ്പോഴും ഒളിവിൽ പോകുകയും സിനിമകൾ നിർമ്മിക്കുകയും ചെയ്തു . സാങ്കേതികമായി അപൂർണ്ണതകളുള്ള ഇത്തരം സിനിമയ്ക്ക് പുതുതായ ലാവണ്യ കൽപ്പനയും ഉണ്ടായിരുന്നു . 1980 -കൾക്ക് ശേഷം ജനാധിപത്യ ഭരണകൂടങ്ങൾ വന്നപ്പോൾ ലാറ്റിനമേരിക്കൻ സിനിമയുടെ ലാവണ്യ - പ്രത്യയ ശാസ്ത്രത്തിലും മാറ്റം വന്നു .

1960 - കളിൽ വിശ്വസാഹിത്യത്തിൽ ശ്രദ്ധേയമായി തീർന്നതും നിരൂപകർ മാജിക്കൽ റിയലിസം എന്ന് വിശേഷിപ്പിച്ചതുമായ സാഹിത്യധാര ഗബ്രിയേൽ ഗാർഷ്യ മാർക്വിസിന്റെ (1927 - 2014 ) കൃതികളിലൂടെയാണ് വികസിതമായത്. പ്രത്യേ



June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival



കിച്ച് ഏകാന്തതയുടെ നൂറ് വർഷങ്ങൾ എന്ന നോവലിലൂടെ. ഈ നോവലിൻെറ തുടക്കത്തിലുള്ള ഏതാനും അധ്യായങ്ങളുടെ മലയാള പരിഭാഷ 1982-ൽ ഗബ്രിയേൽ ഗാർഷ്യ മാർക്വിസിന് നോബൽ പ്രൈസ് ലഭിക്കുന്നതിന് ഏതാനും മാസങ്ങൾക്ക് മുൻപേ കേരളത്തിലെ സമാന്തര പ്രസിദ്ധീകരണ പ്രസ്ഥാനത്തിന്റെ ഭാഗമായ സംക്രമണം മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു.മാർക്വിസിന്റെ കൃതികളെ അവലംബമാക്കി നിർമ്മിച്ച ചലച്ചിത്രങ്ങൾ ശ്രദ്ധേയമാണ്. ലൗ ഇൻ ദി ടൈം ഓഫ് കോളറ (2007), എ വെരി ഓൾഡ് മാൻ വിത്ത് എനോർമസ് വിങ്സ് (1988), നോ വൺ റൈറ്റ്സ് ടു കേണൽ (1999), ക്രോണിക്കിൾ

അതുകണ്ട് മുകൾ നിലയിൽ നിന്ന് വാല്യക്കാരി ആശങ്കപ്പെട്ടു. വിശുദ്ധ കുർ ബാനകളേ! അങ്ങ് ഇന്ന് സ്വയം കൊല്ലും. പറഞ്ഞു തീരും മുമ്പേ ഡോ. ഉർബിനോ താഴെ തല യടിച്ചു വീണു പിടഞ്ഞു.വൃദ്ധയായ ഭാര്യ ഫെർമീന ഓടിയെത്തി. ഡോ.ഉർബിനോ അവസാന വാക്കുകൾ ഉച്ചരിച്ചു .നിന്നെ എത്രമാത്രം ഞാൻ സ്നേഹിച്ചിരുന്നുവെന്ന് ദൈവത്തിനു മാത്രമേ അറിയൂ . ഫെർമിന അയാളുടെ നിശ്ചല ശരീരം ചേർത്തുപിടിച്ചു തേങ്ങി .

1930 - ലെ കാർട്ടെജീന പട്ടണത്തിലെ ഭദ്രാസന പള്ളിയിൽ മണി മുഴങ്ങി . ഊഞ്ഞാൽ കട്ടിലിൽ നിന്ന് വൃദ്ധനായ ഫ്ലോറന്റീനോ കൂടെ ശയിക്കുന്ന



ഓഫ് എ ഡെത്ത് ഫോർടോൾഡ് (1987) .

**ലൗ ഇൻ ദി ടൈം ഓഫ് കോളറ / 133 മിനിട്ട് / അമേരിക്ക / 2007/ സംവിധാനം : മൈക്ക് ന്യൂവെൽ**

വീട്ടുപരിസരത്തെ പൂങ്കാവനത്തിലിരുന്ന് സംഗീതം കേട്ടുകൊണ്ടിരുന്ന വൃദ്ധനായ ഡോ.ജൂവാനിൽ ഉർബിനോ തന്റെ വളർത്തു തത്ത മരക്കൊമ്പിലിരുന്ന് ചിലയ്ക്കുന്നത് കേട്ട് എഴുന്നേറ്റു. നീ അവിടെ ഇരിക്കുകയാണോ ? ചീത്തകുട്ടി. ഇവിടെ വാ. ചാടി വാ. ഡോ. ഉർബിനോ മരത്തിൽ ചാരി വെച്ചിരുന്ന ഏണിയിൽ ബദ്ധപ്പെട്ട് കയറി .

കൗമാരക്കാരി അമേരിക്ക വികുനയോടു പറഞ്ഞു . ആരോ മരിച്ചു. വിദ്യാർത്ഥിനിയായ അമേരിക്ക പറഞ്ഞു. ഏതോ പെന്തക്കോസ്തുകാരനാണ്. അല്ല . ഏതോ വലിയ മാന്യനാണ്. ഭദ്രാസന പള്ളിയിലെ മണി മുഴങ്ങണമെങ്കിൽ . അവൾ ഊഞ്ഞാൽ കട്ടിലിൽ നിന്ന് എഴുന്നേൽക്കാനൊരുങ്ങിയ ഫ്ലോറന്റീനോയെ തടഞ്ഞു. അയാൾ പറഞ്ഞു. ഇങ്ങനെ മണി മുഴങ്ങണമെങ്കിൽ അതൊരു ഗവർണർ എങ്കിലും ആയിരിക്കണം. അയാൾ എഴുന്നേറ്റ് ജനാല

June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival



തുറന്നു.പുഴയ്ക്കക്കരെ ഇക്കരെയായി കാർട്ടെജീന പട്ടണം. അക്കരെ കെട്ടിടങ്ങൾക്കിടയിൽ ഭദ്രാസന പള്ളി . ഫ്ലോറന്റീനോ അവളോട് പറഞ്ഞു. അമേരിക്കാ, നീ ഉടനെ കോളേജിലേക്ക് തിരിച്ചുപോകണം. എന്റെ ഡ്രൈവർ നിന്നെക്കൊണ്ടു വിടും.എനിക്ക് കുറച്ചുകാര്യങ്ങൾ ചെയ്യാനുണ്ട്.

1985 -ൽ ഗബ്രിയേൽ ഗാർഷ്യ മാർകിസ് രചിച്ച നോവൽ കോളറ കാലത്തെ പ്രണയം 2007 -ലാണ് ചലച്ചിത്രമായത് . അമേരിക്കൻ ഹോളിവുഡ്ഡ് നിർമ്മാണം . സ്റ്റോൺ വില്ലേജ് പ്രൊഡക്ഷൻസിന്റെ ഈ സിനിമ സംവിധാനം ചെയ്തത് മൈക്ക് ന്യൂവെൽ. ഫ്ലോറന്റീനോ അരീസ എന്ന കഥാപാത്രത്തെ അവതരിപ്പിച്ചത് ജാവിയർ ബാർദെം. ഫെർമീന ഡാസ എന്ന നായിക യായത് ജിയോവന്ന മെസോജിയോർണ്ണോ. ബെഞ്ചമിൻ ബ്രാറ്റ് ആണ് ഡോക്ടർ ഉർബിനോ. സ്ക്രിപ്റ്റ്- റൊണാൾഡ് ഹാർവു ഡ്ഡ്. ഫോട്ടോഗ്രാഫി - അഫോൻ സോബീറ്റോ. എഡിറ്റിംഗ് മൈക്ക് ഓഡ്‌ലി. സംഗീതം - അന്റോണിയോ പിന്റോ , ഷാക്കിറ. കഥയു ടെ

ഡോ . ഉർബിനോയുടെ മൃതശരീരത്തിനരികിൽ ഫെർമിനയും ആൺ - പെൺ മക്കളും അവിടെയെത്തുന്ന ബന്ധുമിത്രാദികളുടെ അനുശോചനം സ്വീകരിക്കുന്നു . മൃതശരീരം വീട്ടിൽ നിന്ന് പള്ളിയിലേക്കുള്ള വണ്ടിയിൽ കയറ്റി . ശവപ്പെട്ടിക്ക് മേൽ ഫെർമിന പൂച്ചെണ്ടുകൾ വെച്ചു . ബന്ധുമിത്രാദികൾ പിരിഞ്ഞു . മക്കളും യാത്ര പറഞ്ഞു .

വീട്ടിലേക്ക് കയറിവന്ന ഫെർമിന ദുഃഖത്തിന്റെ പര്യായമായിരുന്നു. അപ്പോഴാണ് അവിടെ വൃദ്ധനായ ഫ്ലോറന്റീ നോ കാത്തു നിൽക്കുന്നത് കാണുന്നത് . കൗമാരകാലത്തെ കാമുകൻ !. അമ്പത്തിയൊന്നു വർഷങ്ങൾക്ക് മുൻപ് ഇരുവരും വിവാഹിതരാവാൻ കൊതിച്ചവരാണ്. ഫ്ലോറന്റീനോ അഭ്യർത്ഥിച്ചു . ഈയൊരു സന്ദർഭത്തിനായി ഞാൻ കാത്തിരിക്കുകയായിരുന്നു . അൻപത്തിയൊന്നു വർഷവും ഒൻപത് മാസവും നാലു ദിവസവും ! ...



എത്ര ദീർഘകാലം നിന്നെ ഞാൻ സ്നേഹിച്ചുവെന്ന് നോക്കുക . എന്റെ കണ്ണുകൾ നിന്നിൽ പതിഞ്ഞ ആദ്യ നിമിഷം മുതൽ , ദാ – ഇതുവരെ . ഞാനിതാ ഒരിക്കൽ കൂടി ആവർത്തിക്കുന്നു . നിന്നോടുള്ള ഒരിക്കലും നശിക്കാത്ത അനശ്വരമായ സ്നേഹം എന്റെ പ്രതിജ്ഞയാണ് . ' . ഫെർമീന അയാളെ സൂക്ഷിച്ചുനോക്കി . നിമിഷങ്ങൾ കഴിഞ്ഞപ്പോൾ സ്വയം വീണ്ടെടുത്ത് ആക്രോശിച്ചു . ' ഫ്ലോറന്റീനോ അരീസ , ഇവിടെനിന്നു പോകൂ .പുറത്തുപോകാൻ . നിങ്ങൾ ചാവുന്നതിനു മുൻപ് നിങ്ങളുടെ മുഖം ഇവിടെ കാണിച്ചേക്കരുത് . അതിനിനി അധികം കാലം ഉണ്ടാകുമെന്നു ഞാൻ കരുതുന്നില്ല .' ഫ്ലോറന്റീനോ അവളുടെ കോപം കണ്ട് ഗദ്ഗദകണ്ഠനായി നിന്നു .

ശവപ്പെട്ടി പള്ളിയിലെ അൾത്താരയ്ക്ക് മുൻപിലേക്ക് കൊണ്ടുവരികയാണ് . നിറയെ ആൾക്കാർ . കാർട്ടെജീന പട്ടണത്തിലെ പ്രമുഖനായ ഒരാളായിരുന്നു ഡോക്ടർ ഉർബിനോ . അമ്പതു വർഷം മുൻപ് പട്ടണത്തിൽ കോളറ പടർന്നുപിടിച്ചപ്പോൾ രക്ഷകനായി സേവനം ചെയ്തവൻ . പിന്നെയും ജനങ്ങൾക്ക് വേണ്ടി അക്ഷീണം ശുശ്രൂഷ നൽകിയ ബഹുമാന്യൻ . അൾത്താരയ്ക്കു മുന്നിലെ ശവപ്പെട്ടിക്ക് അരികിൽ നിറകണ്ണുകളോടെ നിൽക്കുന്ന ഫെർമീനയെ ആളുകൾക്കിടയിലൂടെ ഫ്ലോറന്റീനോ വീക്ഷിച്ചു . അയാളുടെ ഹൃദയം അവൾക്ക് വേണ്ടിയുള്ള അൾത്താരയായിരുന്നു .

ചടങ്ങുകൾ കഴിഞ്ഞ് വീട്ടിൽ മടങ്ങിയെത്തിയ ഫെർമീന അലമാരയിൽ നിന്ന് ഒരു കടലാസുകെട്ട് പുറത്തെടുത്തു . അമ്പതു വർഷം മുൻപുള്ള കത്തുകൾ . അവൾ കസേരയിൽ ചെന്നിരുന്ന് കത്തുകൾ ശ്രദ്ധിക്കാൻ തുടങ്ങി . പ്രണയലേഖനങ്ങൾ . അതിൽ യുവാവായ ഫ്ലോറന്റീനോയുടെ ഫോട്ടോ . പൊയ്പ്പോയ യൗവ്വനകാലത്തിലേക്ക് ഇനിയൊരു തിരിച്ചു പോക്ക് സാധ്യമല്ലെന്നു തോന്നിയതിനാൽ അവൾ ആ ഫോട്ടോ വലിച്ചുകീറി .

1880 . കാർട്ടെജീന പട്ടണം . കോളറ പടർന്നുപിടിച്ചിരിക്കുന്നു . ആളുകൾ മരിച്ചുവീഴുന്നു . പോസ്റ്റോഫീസിലെ ടെലിഗ്രാം ഓപ്പറേറ്റർ ഇരുപതുകാരൻ ഫ്ലോറന്റീനോ അരീസ ഒരുദിവസം ആ പട്ടണത്തിലേക്ക് പുതുതായി താമസിക്കാൻ വന്ന കച്ചവടക്കാരൻ ലോറൻസോ ഡാസായ്ക്കുള്ള കത്തു കൊടുക്കാൻ അയാളുടെ മാളികയിൽ ചെന്നു . കത്ത് കൊടുത്ത് തിരികെ പോരുമ്പോൾ ഒരു പെൺകുട്ടിയെ കണ്ടു . ഫെർമീന ഡാസ ! ലോറൻസോയുടെ ഏകമകൾ . ആദ്യ നോട്ടത്തിൽ തന്നെ താൻ അവൾക്ക് വേണ്ടിയാണു ജനിച്ചതെന്ന് അവനു തോന്നി . ഹൃദയമുള്ള ഏതൊരു പുരുഷനും തോന്നിയേക്കാവുന്ന ദിവ്യ മുഹൂർത്തം . ആദ്യാനുരാഗം ഒരുതരം ആത്മീയതയാണ് . ഫ്ലോറന്റീനോ സ്വപ്നങ്ങൾ കാണുകയാണ് . എന്നാൽ അവളുടെ കൂടെ അമ്മായി എക്ളോസ്റ്റിക്ക എപ്പോഴുമുണ്ട് . പിതാവ് ലോറൻസോയ്ക്ക് കഴുതക്കച്ചവടമാണ് . കൂടുതൽ പണമുണ്ടാക്കി മകളെ ഉയർന്ന നിലയിൽ കെട്ടിച്ചയക്കുക എന്നതാണ് ആ പിതാവിന്റെ ലക്ഷ്യം .

മകൻ ഫ്ലോറന്റീനോ ആദ്യമായി പ്രണയലേഖനം എഴുതുന്നതു കണ്ട് അവന്റെ അമ്മ ട്രാൻസിറ്റോ അരീസ സന്തോഷിച്ചു . ' അവളുടെ പേരെന്താണ് ? ' . ' ഫെർമീന ഡാസാ . അമ്മേ , ഞാനെൻെറ ജീവിതത്തിൻെറ അർത്ഥം

കണ്ടെത്തിക്കഴിഞ്ഞു . ' . ' അവൾ നിന്നെ സ്നേഹിക്കുന്നുണ്ടോ ? ' . ' അറിയില്ല . അതാണ് അവൾക്കു കത്തെഴുന്നത് . അവളുടെ കൂടെ അമ്മായി ഉണ്ട് . '. ' എങ്കിൽ നീ അമ്മായിയെ ആദ്യം കയ്യിലെടുക്കണം . '

ക്രിസ്തുമസ് ആഘോഷത്തിന്റെ നാളുകളിൽ പള്ളിയിലേക്കുള്ള വഴിയിൽ ഫ്ലോറന്റീനോ കത്തുമായി അവളെ കാത്തു നിന്നു . ആ വഴി വന്ന ഫെർമീന അമ്മായി യോട് പറഞ്ഞു . ' അതാണ് അവൻ . ടെലിഗ്രാം പയ്യൻ . ' . അമ്മായി ശകാരിച്ചു . 'നേരെ നോക്കി നടക്ക് . ' . ഫെർമീന തിരിഞ്ഞുനോക്കി . അവൻ തന്റെ കയ്യിലെ കത്ത് കാണിച്ചു .

പള്ളിയിൽ കുർബ്ബാന നടക്കുന്നു . ഒരു വരിയിൽ പിതാവ് ലോറെൻസോയ്ക്കും അമ്മായി എക്ളോസ്റ്റിക്കയ്ക്കും ഇടയിൽ നിൽക്കുന്ന ഫെർമീന അവനെ കണ്ടു . ദിവ്യകാരുണ്യ സ്വീകരണത്തിനുള്ള വരിയിൽ അവളുടെ പിന്നിൽ നിൽക്കുന്ന അമ്മായിയുടെ അടുത്തുചെന്ന് അവൻ ചോദിച്ചു .' ഞാനവളുടെ അടുത്തു നിന്നോട്ടെ ? ' . ' പറ്റില്ല . ' . പക്ഷേ അവൻ ഫെർമീനയുടെ അടുത്തുചെന്നു നിന്നു . ' ഞാൻ ഒരു കത്ത് തരട്ടെ ? ' . ' ഇപ്പോൾ വേണ്ട . ' . ' പിന്നെ എപ്പോൾ ? ' . ' പറയാം . ' കുറച്ചുകഴിഞ്ഞ് മദർ സുപ്പീരിയറിനെ കാണാനെന്നപോലെ ലോറൻസോയിൽ നിന്ന് അനുമതി വാങ്ങിക്കൊണ്ട് ഫെർമീന വാതിൽക്കലേക്കു നീങ്ങി . ഫ്ലോറന്റീനോ അവൾക്ക് കത്ത് കൈമാറി . അവൻ പറഞ്ഞു . ' എന്റെ ജീവിതത്തിലെ ഏറ്റവും മഹത്തായ നിമിഷം ! '

കോളറ എങ്ങും പടർന്നുപിടിച്ചിരിക്കുന്നു . അവശരായി പലരും വഴിയിൽ കിടക്കുന്നു . ചിലരെ നീക്കം ചെയ്യുന്നു . പട്ടണവാസികൾക്കിടിയിൽ പരിഭ്രാന്തി . ഫ്ലോറന്റീനോ വഴിയിൽ വെച്ച് ഛർദ്ദിച്ചു . അമ്മ ട്രാൻസിറ്റ സംശയിച്ചു . ' ഇത് കോളറയാണ് . ' പനിപിടിച്ച് വിറയ്ക്കുന്നതിനിടയിൽ അവൻ പറഞ്ഞു . ' ഞാനവൾക്ക് കത്തു കൊടുത്തു . മറുപടിക്കായി കാത്തിരിക്കണം . ' . അമ്മ ട്രാൻസിറ്റോ ആശ്വസിപ്പിച്ചു . ' കാത്തിരിപ്പിന്റെ വേദന അനുഭവിക്കണം . അത് യൗവ്വനകാലത്താണ് ആസ്വദിക്കാൻ കഴിയുക . കാരണം ഇതൊന്നും ജീവിതം മുഴുവൻ നീണ്ടുനിൽക്കുന്നതല്ല '. അവൻ വിതുമ്പി . ' അവൾ പെട്ടെന്നൊരു മറുപടി തന്നെങ്കിൽ ...' .

ഫ്ലോറന്റീനോയുടെ മനസ്സിൽ പ്രണയം ഒരു ഭ്രമമായി മാറുകയാണ് . ജോലിയിൽ ശ്രദ്ധ പോകുന്നു . ടെലിഗ്രാം ഓഫീസർ അവനോട് ചോദിച്ചു . ' നിന്റെ മനസ്സ് അവളിൽ നിന്ന് മാറ്റണം . എന്റെ കൂടെ വേശ്യാലയത്തിൽ വരൂ . ' . ഓഫീസർ പോയപ്പോൾ അവിടെയെത്തിയ സ്ത്രീയെ അവൻ ശ്രദ്ധിച്ചു . ഫെർമീനയുടെ അമ്മായി ! എക്ളോസ്റ്റിക്ക മറ്റൊരു പട്ടണത്തിലേക്ക് തപാൽ അയക്കാനുള്ള കൂലി അന്വേഷിക്കുന്നു . ആ സ്ഥലത്തേക്ക് തപാൽ ഇല്ലെന്നു അറിയുന്ന അമ്മായി തിരികെ പോകുന്നു . പക്ഷേ അമ്മായി ചെറിയൊരു ബുക്ക് മറന്നുവെച്ചു . അതിനിടയിൽ ഒരു കത്ത് . ഫെർമീനയുടെ മറുപടി ! ' പ്രിയപ്പെട്ട ഫ്ലോറന്റീനോ , എനിക്ക് വിഷമമുണ്ട് . ഞാൻ കാരണം മറുപടിക്കായി നിന്നെ കാത്തിരുത്തി . ക്ഷമ ചോദിക്കുന്നു . ദയവായി എത്രയും വേഗം മറുപടി തരിക . '

മറുപടി രഹസ്യമായി ഫെർമീനയുടെ കയ്യിലെത്തി . ' കിരീടം വെച്ച ദേവതേ , ഞാനിതിൽ ഒരു വിലയുമില്ലാത്ത സമ്മാനം വെയ്ക്കുന്നു ...' . അങ്ങനെ ഇരുവരും പ്രണയലേഖനങ്ങൾ കൈമാറി . സ്നേഹവികാരങ്ങൾ പങ്കിട്ടു. ഇനി ഒരിക്കലും വേർപിരിയാനാവില്ല . ഒരു രാത്രി അവൻ രഹസ്യമായി അവളുടെ വീട്ടിലെത്തി വിവാഹാഭ്യർത്ഥന നടത്തി . അവൾ സമ്മതിച്ചു .

പെട്ടെന്നാണ് എല്ലാം സംഭവിച്ചത് . പ്രണയലേഖനം കണ്ടുപിടിച്ച ലോറൻസോ അവളെ ചോദ്യം ചെയ്തു . അമ്മായിയെ കുറ്റപ്പെടുത്തി . അയാൾ മകളോട് പറഞ്ഞു . ' ഞാനൊരു സാധാരണക്കാരനാണ് . നിൻെറ അമ്മ മരിച്ചത് മുതൽ ഞാൻ ജീവിക്കുന്നത് നിനക്ക് വേണ്ടിയാണ് . വെറുമൊരു ടെലിഗ്രാമുകാരൻ നിനക്ക് യോജിച്ചതല്ല . ഈ പ്രായത്തിൽ പ്രേമം ഒരു ഭ്രമം മാത്രമാണ് . '

ലോറൻസോ പോസ്റ്റോഫീസിൽ ചെന്ന് ഫ്ലോറന്റീനോയെ കണ്ടു . അവർ ഒരു റെസ്റ്റോറന്റിൽ ഇരുന്നു സംസാരിച്ചു . ലോറൻസോ വ്യക്തമാക്കി . ' എന്റെ ലക്ഷ്യം മകളെ മാന്യയായ ഒരു സ്ത്രീയായി ഉയരത്തിക്കൊണ്ടുവരിക എന്ന താണ് . ഒരു കഴുതക്കച്ചവടക്കാരന് അത് ഏറെ ബുദ്ധിമുട്ടാണ് . ഞാനീ പട്ടണത്തിൽ വന്നത് അവളെ ഉയർന്ന നിലയിൽ കെട്ടിച്ചയക്കാനാണ് . നീയാണ് തടസ്സം . ഞങ്ങളുടെ വഴിയിൽ നിന്ന് മാറിപ്പോകണം . വെടിവയ്ക്കാൻ എന്നെ പ്രേരിപ്പിക്കരുത് . ' . ഫ്ലോറന്റീനോ നെഞ്ചുകാട്ടി പറഞ്ഞു . ' ദാ - ഇവിടെ വെടിവെച്ചോളൂ . പ്രണയത്തിനു വേണ്ടി മരിക്കുന്നതിനേക്കാൾ മഹത്വം വേറൊന്നിനുമില്ല '.

ലോറൻസോ ഉറച്ച തീരുമാനത്തോടുകൂടിയാണ് വീട്ടിലെത്തിയത് . അയാൾ മകൾ ഫെർമീനയെയും ഭാര്യാകുടുംബത്തെയും ജോലിക്കാരെയും കൂട്ടി പുറപ്പെടാൻ തയ്യാറായി കഴിഞ്ഞു . ദൂരെ മറ്റൊരു രാജ്യത്തേക്ക് . പായുന്ന കുതിര വണ്ടിയിൽ ഫ്ലോറന്റീനോ കയറാൻ ശ്രമിക്കുന്നുവെങ്കിലും ലോറൻസോ അയാളെ ചവുട്ടിവീഴ്ത്തി .

ലോറൻസോയും കുടുംബവും കുതിരപ്പുറത്ത് പുഴയും മലകളും താണ്ടി ഭാര്യാമാതാവിന്റെ നാട്ടിലെത്തുന്നു . എന്നാൽ അകലം തടസ്സമാകാതെ രഹസ്യമായി ഫെർമീനയും ഫ്ലോറന്റീനോയും ടെലിഗ്രാമിലൂടെ കത്തിടപാടുകൾ നടത്തിപ്പോന്നു . പ്രണയത്തിന് അകലവും കാലവും തടസ്സമല്ല .

കുറേനാൾ കഴിഞ്ഞ് ലോറൻസോയും ഫെർമീനയും കുടുംബവും തിരികെ കാർട്ടെജീനയിൽ മടങ്ങിയെത്തി . അപ്പോഴേക്കും ഫെർമീനയ്ക്ക് തന്റെ പ്രണയവികാരങ്ങൾ അർത്ഥമില്ലാത്ത സ്വപ്നം പോലൊന്നാണെന്ന് തോന്നി . അഭിലാഷത്തെ തേടിപ്പോകുന്ന ഭ്രമവീഥി ചെന്നുമുട്ടുന്നത് പ്രായോഗിക ജീവിതയാഥാർഥ്യത്തിലല്ല . ഫ്ലോറന്റീനോയുമായുള്ള ബന്ധം ഭാവനാപരമായ ഒരു ഭ്രമം മാത്രമാണെന്ന് അവൾക്ക് ബോധ്യപ്പെടുന്നു . അങ്ങനെ ഫ്ലോറന്റീനോയുമായുള്ള വിവാഹസ്വപ്നത്തിൽ നിന്ന് അവൾ പിന്മാറി . കത്തുകൾ അവൾ ഫ്ലോറന്റീനോയ്ക്ക് തിരിച്ചുകൊടുക്കുകായും ചെയ്തു .

പട്ടണത്തിൽ കോളറ കൂടുതലായി പടരുകയാണ് . ത്യാഗപൂർണ്ണമായ ശുശ്രുഷ നൽകി സേവനം ചെയ്യുന്ന

June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival





ഡോക്ടറാണ് ജുവനൈൽ ഉർബിനോ . കോളറ നിർമ്മാർജ്ജന പ്രവർത്തനത്തിൽ പ്രശസ്തനാണ് ഉർബിനോ . ശാസ്ത്ര ത്തിന്റെയും പുരോഗതിയുടെയും പുതിയ ലോകത്തിന്റെയും പ്രതിനിധിയായി മാറിയ ഡോ . ഉർബിനോ പട്ടണത്തിൽ ആദരണീയനും ധനികനുമാണ് . കോളറ ചികിത്സയ്ക്കായി ഡോ . ഉർബിനോ ഫെർമീനയുടെ വീട്ടിലുമെത്തുന്നു . അയാൾ അവളെ പരിശോധിക്കുന്നു . ഡോക്ടർക്ക് ഫെർമീനയെ ഇഷ്ടമായി . ലോറൻസോയുടെ ലക്ഷ്യം പോലെ മകൾക്ക് ഉന്നതനിലയിലുള്ള വിവാഹാ ലോചന വന്നിരിക്കുന്നു . ഡോക്ടർ ഉർബി നോയെ ഭർത്താവായി സ്വീകരിക്കാൻ ഫെർമീന സമ്മതിച്ചു . അങ്ങനെ സമ്പന്ന നും ഉന്നതസ്ഥാനീയനുമായ ഡോക്ടർ ഉർബിനോയും ഫെർമീന ഡാസയും തമ്മിലുള്ള വിവാഹം നടന്നു .

ഫെർമീനയുടെ വിവാഹം കഴിഞ്ഞപ്പോൾ ഫ്ലോറന്റീനോയുടെ മനസ്സ് തകർന്നു . അയാൾ മദ്യപാനത്തിൽ മുഴുകി . അവൾക്ക് വേണ്ടി മാത്രമാണ് തന്റെ മനസ്സെന്ന് അയാൾ ഉറപ്പിച്ചു . മറ്റൊരു സ്ത്രീയെ പ്രണയിക്കുവാൻ തനിക്കാവില്ല . അയാൾ ഏകാന്ത ജീവിതം ഇഷ്ടപ്പെട്ടു . ഒരിക്കൽ മകന്റെ മനോവേദന കണ്ട് അവന്റെ അമ്മ ട്രാൻസിറ്റോ പരിചയക്കാരിയായ ഒരു വിധവയെ അവന്റെ മുറിയിലാക്കി . അങ്ങനെ ഫ്ലോറന്റീനോ പുതിയൊരു ജീവിതം ആരംഭിച്ചു . സ്ത്രീബന്ധം അയാൾക്ക് മനോവേദന മാറ്റാനുള്ള മരുന്നായിരുന്നു . അയാളുടെ ജീവിതത്തിൽ നിരവധി സ്ത്രീബന്ധങ്ങൾ . പ്രണയവേദനയിൽ നിന്ന് മോചനം . പക്ഷേ ഹൃദയത്തിൽ ഫെർമീന മാത്രം . അകന്നുനിൽക്കുന്ന ഒരു സ്വപ്നം . തന്റെ താൽക്കാലിക ശാരീരിക ബന്ധങ്ങൾ ഒരിക്കലും ഫെർമീന അറിയില്ലെന്നും അറിയാൻ പാടില്ലെന്നും അയാൾ നിശ്ചയിച്ചു . പ്രണയം ഒരുതരം ആത്മീയതയാണ് , വിശുദ്ധിയാണ് , പ്രത്യാശയാണ് .അങ്ങനെ കാലം കടന്നു പോയി .

ഫെർമീന – ഉർബിനോ ദമ്പതികൾക്ക് ഏതാണ്ട് എഴുപത് വയസ്സ് . ആണും പെണ്ണുമായി ഉായി മക്കൾ വിവാഹിതരാ യിരിക്കുന്നു . സമൂഹത്തിൽ സമ്പന്നമായ , അഭിമാനകരമായ ലൗകികജീവിതം . പക്ഷെ അവർക്കിടയിൽ മാനസികമായി ഒരു വിടവുണ്ട് . അവർ തമ്മിലുള്ള ബന്ധം ഭൗതികമായ ഒരു വ്യവസ്ഥയുടേതാണ് . കുടുംബം എന്ന സ്ഥാപനത്തിന്റേതാണ് . ഒരിക്കൽ ഡോക്ടർ ഉർബിനോയുടെ മറ്റൊരു സ്ത്രീബന്ധം ഫെർമീനയ്ക്ക് ബോധ്യപ്പെട്ടു . ഉർബിനോ വിശ്വസ്തനായ ഒരു ഭർത്താ വല്ല . സ്നേഹം ബാഹ്യമാണ് . ഫെർമീന യുടെ മനസ്സ് ഏകാന്തതയുടെ നിഴൽവീണതായിരുന്നു .

സിനിമയിൽ ആദ്യം കാണുന്ന രംഗം വീണ്ടും നാം കാണുന്നു . പൂന്തോപ്പിൽ സംഗീതം കേട്ട് വിശ്രമിച്ചുകൊണ്ടിരുന്ന

June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival


വൃദ്ധനായ ഡോക്ടർ ഉർബിനോ തന്റെ വളർത്തു തത്തയെ പിടിക്കാൻ മരക്കൊമ്പിൽ ഏണിയിൽ കയറി . ഏണി മറിഞ്ഞ് ഉർബിനോ നിലത്ത് തലയടിച്ചു വീണു മരിക്കുന്നു .

പ്രണയസ്മരണയുടെ കനലുമായി അമ്പതു വർഷം പിന്നിട്ട ഫ്ലോറന്റീനോ ഇതിനകം അമ്മാവന്റെ കച്ചവടത്തിൽ പങ്കാളിയായി സേവനംചെയ്ത് സമ്പന്നനായി കഴിഞ്ഞിരുന്നു. മാന്ത്രിക യാഥാർഥ്യ ത്തിന്റെ പകിട്ടോടെ പറയാം,അറുന്നൂറി റിലേറെ സ്ത്രീകൾ അയാളുടെ ജീവിത ത്തെ കുളിരരുവിയിൽ കുളിപ്പിച്ചു . അങ്ങനെ ഒരു ദിവസം ഊഞ്ഞാൽ കട്ടിലിൽ വിദ്യാർത്ഥിനി അമേരിക്ക വികുനിയുമായി രമിക്കുമ്പോഴാണ് എഴുപത് വയസ്സ് പിന്നിട്ട ഫ്ലോറന്റീനോ ഭദ്രാസന പള്ളിയിൽ മണി മുഴങ്ങുന്നത് കേട്ടത് .

ഡോക്ടർ ഉർബിനോയുടെ ശവസംസ്കാര ചടങ്ങുകൾ കഴിഞ്ഞു . വിധവയും വൃദ്ധയു മായ ഫെർമീന വീട്ടിൽ ഏകാന്തതയിലാണ് . ആ ഏകാന്തതയിലേക്ക് ഫ്ലോറന്റീനോ വീണ്ടും കടന്നുചെല്ലുന്നു . ഫെർമീനയോ ടുള്ള തന്റെ അനശ്വര സ്നേഹം ഒരിക്കൽ കൂടി പ്രഖ്യാപിക്കുന്നു . അവളോടുള്ള സ്നേഹത്തിനു അമ്പത്തിയൊന്നു വർഷ വും ഒൻപത് മാസവും നാല് ദിവസവുമായി . ആദ്യം ഫെർമീന അയാളോട് കോപിച്ചു വെങ്കിലും മെല്ലെ അയാളുടെ ആദ്യാനു രാഗത്തിന്റെ ആത്മാർത്ഥത തിരിച്ചറിയുന്നു .വാർദ്ധക്യത്തിൽ അവർ ഒന്നുചേരുന്നു . പരസ്പ്പരം ഒരു ആശ്വാസം . സന്തോഷം . ഇനിയുള്ള ജീവിതം പ്രണയവസന്ത ത്തിന്റേതാണ് .


അവർ ഒരുമിച്ച് നദിയിലൂടെ ഒരു കപ്പലിൽ മധുവിധുയാത്ര നടത്തുകയാണ് ...കിരീടം വെച്ച ദേവതേ , ഞാൻ നിന്നെ പ്രണയി ക്കുന്നു . നമ്മളിങ്ങനെ എന്നും കഴിയാൻ പോകുകയാണ് . ജനിച്ച മുഹൂർത്തം മുതൽ വെറുതെ ഒന്നും പറഞ്ഞിട്ടില്ല . എന്നെന്നേ യ്ക്കും ഇനി ഒരുമിച്ചുകഴിയും . ഹൃദയം നിറയുന്നു . ആഹ്ളാദം പൂവണിയുന്നു . ജീവിതത്തിനാണ് , അല്ലാതെ മരണത്തിനല്ല അതിരുകൾ ഇല്ലാത്തത് ... ●



# മാജിക്കൽ റിയലിസവും ലാറ്റിൻ അമേരിക്കയും



വിനോദ്കുമാർ. പി
(ഫിൽക്ക)




വായനയിലൂടെ മാന്ത്രികലോകം സൃഷ്ടിച്ച എഴുത്തുകാരെ നമുക്ക് ഇഷ്ടമാണ്. അക്കൂട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരെഴുത്തുകാരനാണ് ഗബ്രിയേൽ ഗാർസ്യ മാർകിസ്. മാജിക്കൽ റിയലിസത്തിന്റെ അമരക്കാരനായാണ് നാം മാർക്കേസിനെ ആരാധിക്കുന്നത്.

അഞ്ചു പതിറ്റാണ്ടിലധികമായി ലാറ്റിനമേരിക്കയിൽ നിന്നുള്ള മാജിക് റിയലിസ്റ്റിക് നോവലുകളുടെ ഒരു സ്ഫോടനം തന്നെ ലോകത്തെ അതിശയിപ്പിച്ചു സർഗ്ഗധനനായ ഒരു മലയാളി എഴുത്തുകാരനായി ത്തന്നെ നാം കണ്ടുപോരുന്ന മാർകിസിന്റെ രചനകൾ വായനയുടെ അത്ഭുതങ്ങളിലേക്ക് നമ്മെ കൊണ്ടെത്തിച്ചു.

മാജിക്കൽ റിയലിസത്തിന്റെ സ്പർശവും പശ്ചാത്തലവുംകൊണ്ട് ഭാവനയെ ഭ്രമാത്മകമായ രീതിയിൽ കെട്ടഴിക്കുന്ന മാർകിസിന്റെ എഴുത്തുരീതി വായനക്കാരെ ഏറെ സ്വാധീനിക്കുന്നു എന്നതിൽ അതിശയോക്തി ഒട്ടുമില്ല. റിയൽ ആയ തലത്തെ മാന്ത്രിക തലത്തിൽ അധിഷ്ഠിതപ്പെടുത്തിയ സങ്കേതത്തിൽ, പഴയ സങ്കല്പങ്ങൾ കടപുഴകുകയും അവ മറ്റൊരു വിസ്മയതീരത്തേക്ക് നീങ്ങുകയും ചെയ്യുന്നു. കാവ്യാത്മകവും ഭ്രമാത്മകവുമായ സങ്കല്പലോകം സൃഷ്ടിച്ച ഗാബോയ്ക്ക്, മലയാളിയുടെ ഭാവന സ്വപ്നം കണ്ടിരുന്ന കഥാലോകത്തെ മാറ്റിമറിക്കുവാനും സാധിച്ചു.

മാജിക്കൽ റിയലിസം എന്ന പ്രയോഗം മലയാളിയുടെ ബൗദ്ധിക ചുറ്റുവട്ടങ്ങളിൽ ആവശ്യത്തിനും അനാവശ്യത്തിനും ഉപയോഗിക്കാവുന്ന ഒരു വ്യവഹാര വസ്തുവായി മാറിയതും മാർകിസിന്റെ കേരളാധിനിവേശത്തിലൂടെയാണ്. ഭാഷയുടെയും ഫാന്റസിയുടെയും ഭാവപ്പൊലിമയിൽ വായനക്കാരെ തന്റെ കൃതികളിലേക്ക് വീണ്ടും വീണ്ടും ആകർഷിക്കുന്ന ഗാബോയുടെ ജീവിതവും കഥകളും നോവലുകളും നാം മനസ്സിലാക്കിയിട്ടുണ്ട്.

അന്യവൽക്കരണത്തിന്റെയും അസ്തിത്വവാദത്തിന്റെയും മാറാപ്പുകളുമായി സാഹിത്യ ഭാവുകത്വത്തിനെത്തന്നെ ആധുനികത മടുപ്പിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു ലാറ്റിനമേരിക്കൻ സംസ്കാരത്തിന്റെ അടയാള വാക്യങ്ങളുമായി ഗബ്രിയേൽ ഗാർസ്യ മാർകിസ് എന്ന വാക്കിന്റെ ഈശ്വരൻ പിറവിയെടുക്കുന്നത്.

June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival



കുട്ടിക്കാലം മുഴുവൻ മുത്തച്ഛന്റെയും മുത്തശ്ശിയുടെയും കൂടെ കഴിഞ്ഞ കൊച്ചു ഗാബോയ്ക്ക് ഒരു വയസ്സായപ്പോഴാണ് കൂട്ടക്കൊലയിൽ കലാശിച്ച അരാക്കറ്റാക്കയിലെ കുപ്രസിദ്ധമായ ബനാന സമരം നടന്നത്. അമേരിക്കയുടെ ഉടമസ്ഥതയിലുള്ള കമ്പനിയായ യുണൈറ്റഡ് പ്ലാന്റേഷൻ നടത്തിയ, 1928-ലെ ഈ ദാരുണസംഭവത്തിൽ അനേകം ആളുകൾ കൊല്ലപ്പെട്ടിരുന്നു. ഇങ്ങനെ കലുഷിതമായ സാഹചര്യത്തിലായിരുന്നു ഗാബോയുടെ ബാല്യം. എന്നാലിത് അദ്ദേഹത്തെ രാഷ്ട്രീയമായി കൂടുതൽ കരുത്തനാക്കുകയായിരുന്നു. 1899- 1902 കാലഘട്ടത്തിൽ കൊളംബിയയിൽ നടന്ന ആയിരം ദിവസത്തെ യുദ്ധത്തിൽ പങ്കെടുത്ത പോരാളിയായിരുന്നു ഗാബോയുടെ മുത്തച്ഛൻ. കൺസർവേറ്റീവ് പാർട്ടിയും ലിബറൽ പാർട്ടിയും തമ്മിലുണ്ടായ ഈ ആഭ്യന്തരയുദ്ധത്തിൽ സജീവമായിരുന്നു മുത്തച്ഛൻ. പിൽക്കാലത്ത് കേണലിന് ആരും എഴുതുന്നില്ല എന്ന മാർകിസിന്റെ നോവൽ മുത്തച്ഛന്റെ ജീവിതം ആസ്പദമാക്കി എഴുതിയതാണ്. മുത്തച്ഛൻ പറഞ്ഞുകൊടുത്ത യുദ്ധകഥകളും മുത്തശ്ശിയുടെ പുരാവൃത്തങ്ങളും പ്രേതകഥകളുമൊക്കെമായി നിഗൂഢമായ ഒരന്തരീക്ഷത്തിലായിരുന്നു ഗാബോയുടെ ബാല്യം. മുത്തശ്ശി അരിപ്പെട്ടിയിൽ സൂക്ഷിക്കുന്ന മുട്ടകളെപ്പറ്റി ഗാബോ പറയുമ്പോൾ ഇതൊരു  നാടോടി കഥയല്ലേ എന്ന് നമുക്ക് തോന്നിപ്പോകും. കുട്ടിക്കാലത്തെ ഓർമ്മകളിൽ നിന്നും ഉടലെടുത്തവയായിരുന്നു അദ്ദേഹത്തിന്റെ മിക്ക പുസ്തകങ്ങളും. മുത്തശ്ശി പറഞ്ഞു കൊടുത്ത യക്ഷികഥകളിൽ അഭിരമിക്കുകയും എന്നാൽ രാത്രിയാവുമ്പോൾ ഭയന്ന് വിറക്കുകയും ചെയ്യുന്ന കൊച്ചു ഗാബോയുടെ രീതി കൗമാരപ്രായത്തിലും മാറിയിരുന്നില്ല. മാർകിസിൽ മാന്ത്രിക യാഥാർത്ഥ്യത്തിന്റെ വിത്തുകൾ പാകിയത് ഈ അന്തരീക്ഷമായിരുന്നു എന്ന് പറയുന്നതായിരിക്കും ശരി.

മിത്തുകളും പുരാണങ്ങളും ചേർന്ന മായാപ്രപഞ്ചത്തിന്റെ കരുത്തിൽ വാക്കുകളുടെ വിസ്മയലോകം തീർക്കുമ്പോൾ മാർകിസിന്റെ ഓരോ കഥയും ഭാഷയ്ക്കും സംസ്കാരത്തിനും അതീതമായി സാർവലൗകികമായി പരിണമിക്കുകയാണുണ്ടായത്.



ആറ് ലാറ്റിനമേരിക്കൻ രാജ്യങ്ങളെ സ്പാനിഷ് ആധിപത്യത്തിൽ നിന്ന് മോചിപ്പിച്ച വിമോചകനും നേതാവുമായ ജനറൽ സൈമൺ ബൊളിവറിന്റെ ജീവിത ത്തിലെ അവസാന ഏഴു മാസത്തെ സാങ്കല്പിക വിവരണമാണ് ദി ജനറൽ ഇൻ ഹിസ് ലാബിരിന്ത എന്ന നോവലിൽ കാ ണുന്നത്. ലാറ്റിൻ അമേരിക്കൻ ജീവിത പശ്ചാത്തലത്തിൽ പ്രണയം, യുദ്ധം, രാഷ്ട്രീയം എന്നിവയുടെ അന്തരീക്ഷത്തിൽ ബൊളിവറിന്റെ മഹത്തായ വ്യക്തിത്വ മനോ ഹാരിത തുറന്നുകാട്ടുന്ന ഈ ചരിത്ര നോവലിൽ ഒരു ദാർശനികന്റെ അവിസ്മര ണീയമായ ഛായാചിത്രമാണ് നാം കാണുക. ഒരു മാന്ത്രിക കഥ പറയുന്ന രീതിയിൽ, ശാന്തമായി ലോകത്തിൽ നിന്ന് മാഞ്ഞു പോകുന്ന ബൊളിവറിന്റെ അവസാന നിമിഷങ്ങളെ മാർക്വിസ് അതിമനോഹ രമായി അവതരിപ്പിച്ചിരിക്കുന്നു. തകർന്ന സ്വപ്നങ്ങളുടെയും വിശ്വസ്തതയുടെയും നിർജ്ജീവമായ മഹത്വങ്ങളുടെയും കഥ പറയുന്ന ഈ നോവൽ, വീരന്മാരുടെ ജീവിതത്തിൽ നാം കാണാതെ പോകുന്ന, അറിയാതെ പോകുന്ന ഘട്ടങ്ങളിലൂടെ നമ്മെ നയിക്കുന്നു.

ഗബ്രിയേൽ ഗാർസിയ മാർക്വിസിന്റെ മാസ്റ്റർപീസ് നോവലായ ഏകാന്ത തയുടെ നൂറു വർഷങ്ങളിൽ മക്കോയിലെ ബുവേൻഡിയ കുടുംബത്തിന്റെ വംശ ഗാഥയിലൂടെ മനുഷ്യാവസ്ഥകളുടെ സമസ്ത വശങ്ങളെയും മാർക്വിസ് കാട്ടിത്തരുന്നു. പ്രണയവും കാമവും അഗമ്യഗമനവും കുടുംബ ബന്ധങ്ങളുടെ തീവ്രതയും പ്രതികാരവുമെല്ലാം മാജിക്കൽ റിയലിസ മെന്ന മന്ത്രച്ചരടിൽ കോർത്ത് ഒരു വജ്ര ഹാരമായി വായനക്കാരന്റെ ഉള്ളിലേക്ക് നീട്ടുകയാണ് ഗ്രന്ഥകാരൻ.

ഫ്ലോറൻറ്റീനോ അരീസയും ഫെർമീനാ ഡാസയും തമ്മിലുള്ള പ്രണയകഥയാണ് കോളറകാലത്തെ പ്രണയം എന്ന നോവലിൽ പറയുന്നത്. കാതങ്ങൾ അകലെ നിന്നുകൊണ്ട് പ്രണയലേഖനങ്ങളിലൂടെ യും ടെലിഗ്രാമുകളിലൂടെയും തങ്ങളുടെ പ്രണയത്തെ കെടാതെ സൂക്ഷിക്കാൻ അവർ ശ്രമിച്ചു. ഒടുവിൽ തങ്ങളുടെ പ്രണയം കേവലമൊരു സ്വപ്നമായിരുന്നുവെന്ന് തിരിച്ചറിഞ്ഞ ഫെർമീനാ പിൻമാറി. കോളറയെ ഉന്മൂലനം ചെയ്യാൻ അക്ഷീണം പ്രയത്നിക്കുന്ന ഡോ. ഉർബീനോയെ ഫെർമീനാ വിവാഹം കഴിക്കുന്നു. തന്റെ പ്രണയത്തിനായി കാത്തിരിക്കാനാ യിരുന്നു ഫ്ലോറെന്റീനോ തീരുമാനിച്ചത്. ജീവിത ത്തിലെ ചില നിർണ്ണായകമായ തിരി മറിയലുകൾക്ക് ശേഷം അവരെ വീണ്ടും കൂട്ടിമുട്ടിക്കുന്നു. 51 വർഷമാണ് ഫ്ലോറെന്റീനോ കാത്തിരുന്നത്. കോളറയെന്ന മഹാമാരി വിതച്ച കെടുതി കൾ ഒരുക്കുന്ന പശ്ചാത്തലത്തിൽ ഇരുവ രുടെയും ജീവിതത്തിലെ ശരി തെറ്റുകൾ തമ്മിലുള്ള ഏറ്റുമുട്ടൽ ആരംഭിക്കുകയായി. ആഖ്യാനത്തിന്റെ ചാരുതയാൽ വായനക്കാ രെ മായിക ലോകത്തേക്കുയർത്തിയ ഈ നോവൽ ഇന്നും ഒരു വിസ്മയമാണ്. വ്യക്തിപരമായി വളരെയധികം വിസ്മയി പ്പിച്ച ഈ നോവൽ എന്നെ ഭാവനയുടെ ലോകത്തേക്ക് നയിച്ച പങ്ക് ചെറുതല്ല. നോവൽ വായിച്ചതിനു ശേഷം ഉണ്ടായ അനുഭൂതി ഇന്നും മലയാളി അനുഭവിക്കുന്നുണ്ട്. ഇതു തന്നെയാണ് മലയാളികൾ മാർക്വിസിനെ ആരാധിക്കാനും കാരണം.

പ്രവചിക്കപ്പെട്ട ഒരു മരണത്തിന്റെ പുരാവൃത്തം എന്ന നോവലിലെ ചുറ്റുപാടു കൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ, കൊളംബിയ നമുക്ക് അപരിചിതമായ

ഒരു ഭൂമികയായി മാറുന്നില്ല. ഇന്ത്യയിലെ ഒരു ഗ്രാമത്തിലോ പട്ടണത്തിലോ നടന്ന സംഭവമായിട്ടാണ് തോന്നുക.


കന്യകാത്വത്തിന് ഇത്രയ്ക്ക് പ്രാധാന്യം കല്പിച്ചിരുന്ന ഒരു സമൂഹത്തിൽ, അതിന്റെ പേരിൽ കൊലപാതകം വരെ നടക്കുന്നതിന്റെ വിവരണമാണ് ഈ നോവൽ. ഇരുപത്തേഴു കൊല്ലം മുൻപ് നടന്ന ഒരു കൊലപാത കത്തിന്റെ ചുരുൾ നിവർത്താനുള്ള ശ്രമം



എന്ന് ലളിതമായി വ്യാഖ്യാനിക്കാമെങ്കിലും അടരുകളിലും അടുക്കുകളിലുമായി ഇട തൂർന്നു കിടക്കുന്ന ആഖ്യാനത്തിന്റെ തലങ്ങൾ വേറിട്ടതാണ്. ഏഞ്ചലോ വികാരിയോ എന്ന യുവതിയെ വിവാഹം ചെയ്ത ബെയ്റാഡോ സാൻ റോമൻ മണിക്കൂറുകൾക്കകം അവളെ കന്യക അല്ലെന്ന കാരണം ചൂണ്ടിക്കാട്ടി ഉപേക്ഷിക്കുകയാണ്. കുടുംബ സുഹൃത്തായ സാന്തിയാഗോ നാസർ ആണ് അവൾക്കു ണ്ടായ ഈ ദുര്യോഗത്തിന് ഉത്തരവാദി എന്ന് വെളിപ്പെടുന്നു. അയാളെ കൊല്ലാ നായി ഉറപ്പിച്ചുകൊണ്ട് അവളുടെ സഹോദരന്മാർ ഇറങ്ങിപ്പുറപ്പെടുകയാണ്. അങ്ങനെ ഒരു മരണത്തിനു കളമൊരു ങ്ങുകയാണ്. ഈ ഒരു കഥാഗതിയെ പൊലിപ്പിക്കുകയും സന്ദർഭങ്ങൾക്ക് മൂർച്ച കൂട്ടുകയും ചെയ്യുന്ന ആഖ്യാന




തലമാണ് മാർക്വിസ് ഇവിടെ ഇതൾ വിരിയിച്ചെടുക്കുന്നത്. ഉദ്വേഗത്തിന്റെയും സന്ദേഹത്തിന്റെയും ചുഴിയും മലരിയും ചേർത്തുവച്ചുകൊണ്ട് ഒരു ഗണിത സമസ്യയെ നിർധാരണം ചെയ്യാനുള്ള ചുവടുകൾ നൽകുന്ന എഴുത്തുകാരനായി മാർക്വിസ് ഇവിടെ പ്രത്യക്ഷപ്പെടുന്നു. മരണത്തിന്റെ പുരാവൃത്തത്തിനു പല പതിപ്പുകളും ഭാഷ്യങ്ങളും ഉണ്ടാകാം. മരിച്ച കഥാപാത്രത്തെക്കുറിച്ച് ഓർക്കാതെ അവയിലൂടെ കടന്നുപോകാനാവില്ല. ജീവിച്ചിരിക്കുന്നവരും മരിച്ചവരും ഒരുമിച്ച് നിൽക്കുന്നത് സ്വപ്നങ്ങളിലും...




June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival



# ഗബ്രിയേൽ ഗാർസ്യാ മാർക്വേസിന്റെ ജീവിതഗാഥ



**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
ബീം ഫിലിം സൊസൈറ്റി




വിശ്വസാഹിത്യ ചരിത്രത്തിലേക്ക് ലാറ്റിനമേരിക്കയുടെ കടന്നുവരവിന് ഏറിയാൽ രണ്ടോ മൂന്നോ നൂറ്റാണ്ടുകളുടെ ദൂരമേ നമുക്ക് കാണാനാവൂ. എന്നാൽ അതി തീക്ഷ്ണമായ സാമൂഹ്യ നിലപാടുകളുമായി നിറഞ്ഞാടുന്ന മൗലിക പ്രതിഭകളെ സമ്മാനിക്കുന്നതിൽ ആ ഭൂപ്രദേശം ലോകത്തിന്റെ നെറുകയിലാണ്.

പാബ്ലോ നെരൂദാ, ഒക്ടേവിയോ പാസ്സ്, അലെജോ കാർപെന്റിയർ, സെസ്സാർ വലെജോ , ജോസ് മാർട്ടി , ഗബ്രിയേല മിസ്ട്രാൽ, ഇസബെൽ അലൻഡെ എന്നിങ്ങനെ നീണ്ടു പോകുന്ന പേരുകളിൽ മുന്നിൽ തന്നെ നിർത്താവുന്നയാളാണ് ഗബ്രിയേൽ ഗാർസിയ മാർക്വേസ്. മാജിക്കൽ റിയലിസം എന്ന രചനാ സങ്കേതത്തിന് ലോക സാഹിത്യത്തിന്റെ സിംഹാസനത്തിൽ ഇരിപ്പിടം നേടിക്കൊടുത്ത കൊളംബിയൻ സാഹിത്യകാരൻ.

1927 ൽ കൊളംബിയയിലെ ഒരു കടൽത്തീര നഗരത്തിൽ ജനിച്ച മാർക്വേസ് തന്റെ സർഗ്ഗ ജീവിതത്തിന്റെ ഏറിയ പങ്കും ചെലവഴിച്ചത് മെക്സിക്കയിലായിരുന്നു. ഒരു പത്ര പ്രവർത്തകനായാണ് അദ്ദേഹം തന്റെ എഴുത്തു ജീവിതം ആരംഭിക്കുന്നത്. ലാറ്റിനമേരിക്കയിലെയും യൂറോപ്പിലെയും വിവിധ രാജ്യങ്ങളിലായുള്ള പത്രപ്രവർത്തക ജീവിതം അദ്ദേഹത്തിന്റെ ആദ്യകാല രചനാ ശൈലിയെ നന്നായി സ്വാധീനിച്ചിട്ടുണ്ട്. പ്രത്യേകിച്ചും ചെറുകഥകളിൽ. സ്വാഭാവികമായും ചെറുകഥകളിലൂടെ തന്നെയാണ് മാർക്വേസും സാഹിത്യ ലോകത്തേക്ക് കടക്കുന്നത്.

നാടോടിക്കഥകളുടേയും നാട്ടുമൊഴികളുടേയും സമ്പന്ന പാരമ്പര്യമുള്ള തദ്ദേശീയ സംസ്കാരത്തനിമയുടെ പരിലാളനയിൽ, കഥ പറച്ചിലുകാരനായ മുത്തച്ഛന്റെ നേരിട്ടുള്ള ശിക്ഷണത്തിൽ ബാല്യം കഴിച്ചുകൂട്ടിയ മാർക്വേസിൽ കഥ പറയാനുള്ള വഴികൾ സ്വയം തെളിഞ്ഞു വരികയായിരുന്നു. പാർശ്വവൽകൃത സംസ്കാരങ്ങളെ ആധുനിക ലോകസംഘർഷങ്ങളുമായി നേർക്കുനേർ നിർത്താനുള്ള തീവ്രമായ പരിശ്രമം കണ്ടെത്തിയ രൂപഘടനയാവാം മാർക്വേസിന് മാജിക്കൽ റിയലിസം. തുടർച്ചയായ വിദേശാധിപത്യത്തിനും വംശീയാധിനിവേശങ്ങൾക്കും ഇരകളാകാൻ വിധിക്കപ്പെട്ട തദ്ദേശീയ സംസ്കൃതിയുടെ രോഷത്തിന്റെ കനൽപ്പൊരികൾ,ഇതര ലാറ്റിനമേരിക്കൻ സാഹിത്യകാരിലേതെന്നപോലെ മാർക്വേസിന്റെ രചനകളിലും ഊർജ്ജ സ്രോതസ്സായി നിഴലിക്കുന്നതു കാണാം.

ചെറുകഥകളുടെ ആദ്യ പതിറ്റാണ്ടിനു ശേഷം തന്റെ എക്കാലത്തേയും മികച്ച രചനയായ (1967) ഏകാന്തതയുടെ നൂറ് വർഷങ്ങളിലൂടെയാണ് നോവലിന്റെ ലോകത്ത് കടന്നിരിക്കുന്നത്. സ്വേച്ഛാധിപത്യത്തിന്റേയും വംശീയാതിക്രമങ്ങളുടേയും, സമാന്തരമായ ജനകീയ മുന്നേറ്റങ്ങളുടേയും നിരന്തര സാന്നിദ്ധ്യം കൊണ്ട് കലാപകലുഷിതമായിരുന്ന ലാറ്റിനമേരിക്കൻ സാമൂഹികാന്തരീക്ഷം രേഖപ്പെടുത്താൻ ഏറ്റവും അനുയോജ്യം എന്ന നിലയിലാണ് മാർക്വേസും മാജിക്കൽ റിയലിസത്തിന്റെ രൂപഘടനയെ കൂട്ടുപിടിക്കുന്നത്.

തദ്ദേശീയതയോടൊപ്പം ആഫ്രിക്കൻ യൂറോപ്യൻ സംസ്കാരങ്ങളുടെ കൂടിച്ചേരലുകളിലൂടെ രൂപമാറ്റം സംഭവിക്കുന്ന ലാറ്റിനമേരിക്കൻ സ്വത്വബോധത്തെ കണ്ടെത്താനുള്ള കഥാകാരന്മാരുടെ കയ്യിലെ ഉപകരണമായിരുന്ന മാജിക്കൽ റിയലിസം ലോക സാഹിത്യ ചരിത്രത്തിൽ തന്നെ വലിയ ചലനങ്ങൾക്ക് വഴിതെളിച്ചു.

ലൗ ഇൻ ദ ടൈം ഓഫ് കോളറ, ക്രോണിക്കിൾ ഓഫ് എ ഡെത്ത് ഫോർറ്റോൾഡ്, ദ ഓട്ടം ഓഫ് ദ പാട്രിയാർച്ച്, ലാറ്റിനമേരിക്കൻ വിമോചന നായകനായ സൈമൺ ബൊളിവറുടെ അവസാന നാളുകളുടെ കഥ പറയുന്ന ദ ജനറൽ ഇൻ ഹിസ് ലാബരിന്ത് എന്നിവ അദ്ദേഹത്തിന്റെ പ്രശസ്തമായ ഇതര നോവലുകളാണ്. നിരവധി ചെറുകഥകളും ലിവിങ് ടു ടെൽ ദ ടെയ്ൽ എന്ന പേരിലുള്ള ആത്മകഥയും മാർക്വേസിന്റെ രചനാ ശേഖരത്തിന്റെ ഭാഗമാണ്.

ലോക സാഹിത്യത്തിനു നൽകിയ സമഗ്ര സംഭാവന കണക്കിലെടുത്ത് മാർക്വേസിന് 1982 ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിക്കുകയുണ്ടായി. ഒമ്പതാം വയസ്സു മുതൽ കളിക്കൂട്ടുകാരിയായിരുന്ന മെർസിഡസ് ബാർച്ച പാർദോ യായിരുന്നു മാർക്വേസിന്റെ ഭാര്യ. രണ്ട് ആൺ മക്കളി ൽ റോഡ്രിഗോ ഗാർസ്യാ ബാർച്ചാ ഒരു ചലച്ചിത്രകാരനും ഗോൺസാലോ ഗാർസ്യാ ബാർച്ചാ എഴുത്തുകാരനും ഗ്രാഫിക് ഡിസൈനറുമാണ്.2014 ഏപ്രിൽ 14 ന് മെക്സിക്കോ സിറ്റിയിൽ വച്ച് ഗബ്രിയേൽ ഗാർസ്യാ മാർക്വേസ് അന്തരിച്ചു.



# മൈക്ക് ന്യൂവൽ
## (ലവ് ഇൻ ദി ടൈം ഓഫ് ദി കോളറയുടെ സംവിധായകൻ)






**വിനോദ് കുമാർ പി**

( ഫിൽക്ക )


പ്രശസ്ത ചലച്ചിത്ര സംവിധായകനും നിർമ്മാതാവുമായ മൈക്കൽ കോർമാക് ന്യൂവൽ 1942 – ൽ ബ്രിട്ടനിലെ സെന്റ് ആൽബൻസിൽ ജനിച്ചു. മാതാപിതാക്കൾ അമേചർ അഭിനേതാക്കളായിരുന്നു. സെന്റ് ആൽബൻസ് സ്കൂളിൽ നിന്നും കേംബ്രിഡ്ജിലെ മഗ്ഡലീൻ കോളേജിൽ നിന്നും വിദ്യാഭ്യാസം നേടി. തുടർന്ന് നാടകരംഗത്തേക്ക് പ്രവേശിക്കാനുള്ള ഉദ്ദേശ്യത്തോടെ ഗ്രാനഡ ടെലിവിഷനിൽ മൂന്ന് വർഷത്തെ പരിശീലന കോഴ്സിൽ ചേർന്നു.1960 മുതൽ ന്യൂവൽ വിവിധ ബ്രിട്ടീഷ് ടിവി ഷോകൾ സംവിധാനം ചെയ്തു. ശേഷം ചലച്ചിത്ര സംവിധാനത്തിലേക്ക് ശ്രദ്ധ തിരിച്ചു.

ടെലിവിഷനു വേണ്ടി നിർമ്മിച്ച ദി മാൻ ഇൻ ദി അയൺ മാസ്ക് (1977) ആയിരുന്നു അദ്ദേഹത്തിന്റെ ആദ്യ ഫീച്ചർ പ്രോജക്റ്റ്. നിരൂപക പ്രശംസ നേടിയ ആദ്യ ചിത്രം ബാഡ് ബ്ലഡ് (1981) ആയിരുന്നു. യുകെയിൽ തൂക്കിലേറ്റപ്പെട്ട അവസാന സ്ത്രീയായ റൂത്ത് എല്ലിസ് ആയി മിറാൻഡ റിച്ചാർഡ്സൺ അഭിനയിച്ച ജീവചരിത്ര ചിത്രം ഡാൻസ് വിത്ത് എ സ്ട്രേഞ്ചർ 1985 ൽ പുറത്തിറങ്ങി.തന്റെ സംവിധാന ശ്രമങ്ങൾക്ക്, 1985-ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ ന്യൂവെൽ യുവജന അവാർഡ് നേടി. ഇതിനെ കൂടാതെ ദി യംഗ് ഇന്ത്യാന ജോൺസ് ക്രോണിക്കിൾസിന്റെ എപ്പിസോഡുകൾ സംവിധാനം ചെയ്യുന്നതിനായി നിരവധി ഫീച്ചർ ഫിലിം സംവിധായകരിൽ ഒരാളായി ന്യൂവെൽ നിയമിക്കപ്പെട്ടു.

1994-ൽ പുറത്തിറങ്ങിയ ഫോർ വെഡ്ഡിംഗ്സ് ആൻഡ് എ ഫ്യൂണറൽ എന്ന കോമഡി ചിത്രവും നിരൂപക പ്രശംസ നേടി. മികച്ച സംവിധായകനും മികച്ച ചിത്രത്തിനുമുള്ള ബാഫ്റ്റ അവാർഡും നേടി.

സീസർ അവാർഡ് (മികച്ച വിദേശ ചിത്രം), ഗോൾഡൻ ഗ്ലോബ് (മികച്ച നടൻ - ഹ്യൂ ഗ്രാന്റ്), നിരവധി ലണ്ടൻ ക്രിട്ടിക്സ് സർക്കിൾ ഫിലിം അവാർഡുകൾ (മികച്ച സംവിധായകൻ, സിനിമ, നിർമ്മാതാവ്, തിരക്കഥാകൃത്ത്) എന്നിവയുൾപ്പെടെ നിരവധി അവാർഡുകൾ നേടി.2007-ൽ ന്യൂവൽ ലവ് ഇൻ ദി ടൈം ഓഫ് കോളറയും 2010-ൽ പ്രിൻസ് ഓഫ് പേർഷ്യ: ദി സാൻഡ്സ് ഓഫ് ടൈമും സംവിധാനം ചെയ്തു.

ഡോണി ബ്രാസ്കോ (1997), ഹാരി പോട്ടർ ആൻഡ് ദി ഗോബ്ലറ്റ് ഓഫ് ഫയർ (2005) എന്നീ പ്രശസ്ത ചിത്രങ്ങളും അദ്ദേഹത്തിന്റെ സംവിധാന മികവിൽ പുറത്തിറങ്ങിയവയാണ്.

June Film Festival


ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World literature and World cinema FilmFestival












June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival
KSFDC



കവിത

# ഒരു കോളറക്കാലത്തെ പ്രണയം



പുഷ്പ അനിൽ

ഈ പ്രപഞ്ച പരിണാമങ്ങൾക്കു
മീതെയായ്
ഒരു പ്രണയ സാഫല്യം
പൂത്തുലഞ്ഞെത്തിയോ
പ്രണയമൊരു ഉന്മാദിയായ് കത്തി
നിൽക്കുമ്പോഴും  കൂരിരുട്ടിൽ മുങ്ങുമ്പോഴും
ചെമ്പരത്തി നിറയും നാട്ടിടവഴികളിൽ
നീ തന്ന മോഹങ്ങൾ
തിരകളെണ്ണിയെഴുതിയ കാലമേ
കമിതാക്കളൊഴിതൻ തീരത്തിരുന്നു സ്നേഹ
ഗാഥകൾ പാടിയ,
സ്മരണകൾ മാത്രമാകുമീ കാലമേ സാക്ഷി
ഒരു മഹാവ്യാധിയാൽ സ്വപ്നങ്ങൾ
തീത്തിറയാടുന്ന വേളയിൽ
അകലെ നീ വാനിൽ മറയുന്ന പോലെന്റെ
അകതാരിൽ ആശകൾ മറയുമ്പോൾ
മേലെയാ വിണ്ണിൻ നിർവൃതിയേകിയ
താരക പൂക്കളെ നോക്കിച്ചിരിക്കേയുറഞ്ഞ
കൽക്കത്തിൻ തടാകമായ്
സ്വപ്നങ്ങൾ കെടുത്തിയ കരിനിഴലുകളെ
ഒരു മണിമുഴക്കത്തിൻ
മാറ്റൊലി കേൾക്കയാൽ
രണ്ടായ് മുറിഞ്ഞിട്ടും
മരിച്ചു പോകില്ലെന്ന വിശ്വാസമായ്
മണ്ണിര തൻ ജീവിതം പേറി
പാറിത്തുടങ്ങുന്നതിൻ
മുൻപടർന്നുപോകും
ചിറകുകളെന്നാലും
ചിതയിൽ നിന്നുയരും
ചിതപ്പക്ഷികളെപ്പോലെ
ഉടലിലെ ജീവൻ അകലും വരെ
പറന്നുമുന്നേറിടുന്നതല്ലോ
ഒരു ഫിനിക്സ് പക്ഷിയെപ്പോലെ
നീർവറ്റി നിറവും മങ്ങി
ഒടുവിൽ മഹാമാരിയും
ഋതുഭേദങ്ങളും ആഭ്യന്തര യുദ്ധങ്ങളും
തലമുറകളും കടന്നുപോയൊരാ ഓർമ്മതൻ
വാർദ്ധക്യം പേറി
നിർമ്മല സ്നേഹത്തിൻ ഋതുതാരുണ്യമേ
ഉണ്മയായ് തന്നൊരീ ജീവിത യാത്രയിൽ
ഉന്മാദ സൗന്ദര്യം നുകരുമിരുഹൃദയങ്ങളും
തിരയെയടുപ്പിക്കും തീരം പോലെ
വിദ്വൽ പ്രഭ തെളിയും
സായന്തനത്തിൻ ചക്രവാളാദ്രിയിൽ
വർണ്ണപ്പട്ടുടുത്ത സ്വർഗ്ഗമായ് കിനാവുകളായി
അതിരുകളില്ലാതെ വിഹരിയ്ക്കാൻ
അനശ്വരമാമോർമ്മ
തൻ നെഞ്ചേറ്റിയ കോളറക്കാലത്തെ
പ്രണയം....


വിശ്വസാഹിത്യവും
വിശ്വസിനിമയും
ഫിലിം ഫെസ്റ്റിവൽ പരമ്പര
ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ജനുവരി
ഫിൽക്ക ഫിലിം സൊസൈറ്റി 25-ാം വാർഷികം
25 സിനിമകൾ
ഉദ്ഘാടനം:
21 ജൂൺ 2025 ശനിയാഴ്ച
2 PM
മുഖ്യ പ്രഭാഷണം
ഉദ്ഘാടനം
ഓൺലൈൻ ന്യൂസ് ചാനൽ - കേരള പീഡിയ &
കേരള വിഷ്വൽ എൻസൈക്ലോപീഡിയ
ഡോ. ആർ. ബിന്ദു
ഡോ. ജോർജ്ജ് ഓണക്കൂർ
പ്രേംകുമാർ
Film Fest Part -1
Screening
3 PM/ HAMLET
William Shakespeare/ USSR / 1964 / 140 Min.
Dir : Gregory Kozintsev
5:45 PM/ LOVE IN THE TIME OF CHOLERA
Gabriel Garcia Marquez/ USA/ 2007/ 139 Mins
Dir : Mike Newell
സ്റ്റേറ്റ് സെൻട്രൽ & പബ്ലിക് ലൈബ്രറി
ഓഡിറ്റോറിയം, പാളയം
• ഫിലിം മാഗസിൻ ഓരോ മാസവും പ്രത്യേക പതിപ്പ്
• 25 അതിഥികൾ
പ്രവേശനം സൗജന്യം
FILCA FILM SOCIETY in association with Higher Education Dept., Govt. of Kerala, Public Library, Chalachithra Academy, AFSoK (Association of film Societies of Kerala), Lottery Dept., Agriculture Dept., BEAM FS, Priyadarsini FS, Barter Publishing, HLL Life Care, K X Pharma and other organizations.
List of Curated Films
Love in the time of Cholera | Gone with the wind | Anna Karenina
Brothers Karamazov | Caligula | Disgrace | Don Quixot | Dr. Zhivago | Hamlet
For whom the bell tolls | Gabriela | Electra My Love | Kaanchana Sita | Mother
White Nights | Les Miserables | Life of Pi | Metamorphosis | | Name of Rose
Blindness | Pride and Prejudice | The Good Earth | Plague
The Grapes of wrath | The last temptation of Christ | The Piano teacher
Tin Drum | 26 Days of the life of Dostoevski | Unbearable lightness of being
The Count of Monti Christo | Waiting for the barbarians
(The films are subject to interchange)
filcakerala@gmail.com
80 890 360 90
www.filca.in
LOVE CHOLERA
DOCTOR ZHIVAGO
FOR WHOM THE BELL TOLLS
WAITING FOR THE BARBARIANS
METAMORPHOSIS
PLAGUE
La Pianiste
DON QUIXOTE
MOTHER
DISGRACE
ANNA KARENINA
GONE WITH THE WIND
KANCHANA SITA
BLINDNESS
PRIDE & PREJUDICE
CALIGULA
Les Misérables
LIFE OF PI
ELECTRA
THE GRAPES OF WRATH
THE GOOD EARTH
Monte Cristo
Gabriela
The Last Temptation of Christ


www.ksfe.com
കെ എസ് എഫ് ഇ
ഗോൾഡ് ലോൺ
ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...
കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്
KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com


June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival



# ഹാംലറ്റ്
## സംവിധായകൻ ഗ്രിഗറി കൊസിന്റ്സേവ്



പി.എസ്.ജ്യോതിഷ് കുമാർ
(ഫിൽക്ക)




ഷേക്സ്പിയർ, അദ്ദേഹം ഒരു കാലത്തിന്റെ കവിയല്ല. മുഴുവൻ കാലത്തേക്കുമുള്ള കവിയാണ്- ബെൻ ജോൺസൺ.

മനുഷ്യജീവിതത്തെ അതിന്റെ അഗാധതയിൽ അനുഭവിക്കാൻ ആഗ്രഹമുള്ള ആരും ഷേക്സ്പിയറെ വീണ്ടും വീണ്ടും വീണ്ടും വായിക്കണം. - കോളറിഡ്ജ്.

നിരൂപകന്മാരെയും വായനക്കാരെയും നടന്മാരെയും സംവിധായകരെയും അധ്യാപകരെയും ഏറ്റവും അധികം ആകർഷിക്കുകയും വിഭ്രമിപ്പിക്കുകയും ചെയ്തിട്ടുള്ള ഷേക്സ്പ l യർ നാടകമാണ് ഹാംലറ്റ്. കാവ്യ നാടകം എന്ന നിലയിലും മനശാസ്ത്ര പഠനം എന്ന നിലയിലും തത്വജ്ഞാന ആവിഷ്കാരം എന്ന നിലയിലും നാടക വിമർശനം എന്ന നിലയിലും ഏറ്റവും അധികം ജനശ്രദ്ധ പിടിച്ചു പറ്റിയിട്ടുള്ളതും ഇപ്പോഴും ആർക്കും മുഴുവൻ പിടികിട്ടിയിട്ടില്ലാത്തതുമായ ഒരു കൃതിയാണിത്. ഇത് എഴുതിയ മധ്യകാല നവോത്ഥാന കാലത്തിന്റെ ചൈതന്യവും ഉദ്വേഗവും ആകാംക്ഷയും എല്ലാം നാടകീയമായി ആവിഷ്കരിക്കുന്നുണ്ട് ഈ കൃതിയിൽ. പ്രേതാത്മാവും ദുർമരണങ്ങളും വടക്കൻ യൂറോപ്പിലെ ഡെന്മാർക് കേന്ദ്രീകരിച്ച് നടക്കാനിടയുള്ള രാഷ്ട്രീയ നീക്കുപോക്കുകളും അന്ധവിശ്വാസം തീരെ വിട്ടുമാറാത്ത സാമൂഹിക സാഹചര്യവും അസാമാന്യ സ്ഫുടതയോടെ ചിത്രീകരിക്കുന്നു നാടകകൃത്ത്. ( പി. കെ. വേണുക്കുട്ടൻ നായർ / ഷേക് സ്പീയർ സമ്പൂർണ്ണ കൃതികൾ/ ചീഫ് എഡിറ്റർ - അയ്യപ്പപ്പണിക്കർ ).

അച്ഛന്റെ ആകസ്മിക വിരഹം ഏറ്റവും വലിയ ആഘാതം ഏൽപ്പിച്ച ഒരു രാജകുമാരന്റെ ദുരന്തമാണ് ഇതിലെ മുഖ്യ ഇതിവൃത്തം.

വിശ്വ സാഹിത്യത്തിലെ ഏറ്റവും അധികം വിമർശകരെ ആകർഷിച്ചിട്ടുള്ള ഒരു പ്രതിഭാസം തന്നെയായിരുന്നു ഷേക്സ്പീയറുടെ ഹാംലറ്റ്. റ്റു ബി ഓർ നോട്ട് റ്റു ബി എന്ന് ഞാൻ എന്ന പ്രയോഗം തന്നെ അനേകം അർത്ഥതലങ്ങൾ ഉണർത്തുന്ന ഒരു ഭൗതിക വൈകാരിക പദസംഘാതമാണ്. പ്രതികാര ദുരന്ത നാടക പരമ്പരയിൽ ഏറ്റവും പ്രശസ്തമായ കൃതിയാണ് ഹാംലറ്റ്.

അച്ഛനെ കൊന്നയാളിനോട് ചെയ്യേണ്ട പ്രതികാരം, ഹാംലെറ്റും ഒഫീലിയയും തമ്മിലുള്ള പരാജയ പ്രണയം, റോസൻ ക്രാൻസും ഗിൽഡൻസ്ടേണും ചേർന്നുള്ള ചാരവൃത്തി, ഹാംലറ്റും ലെയർറ്റിസും തമ്മിലുള്ള വഴക്ക്, നാടകാവതരണ വർഷങ്ങൾ തുടങ്ങിയ ഒട്ടനേകം ഉപപ്രമേയ ങ്ങൾ കാരണം പലവിധത്തിലുള്ള വ്യാഖ്യാന ങ്ങൾക്ക് ഇവിടെ സൗകര്യം ലഭിച്ചിട്ടുണ്ട്. ധർമ്മാധർമ്മങ്ങൾ തമ്മിലുള്ള സംഘർഷം ഇത്ര ഹൃദയംഗമമായി അവതരിപ്പിക്കുന്ന നാടകങ്ങൾ അപൂർവമാണ്.



ഷേക്സ്പിയറുടെ ഹാംലെറ്റ് ഇതുവരെ എഴുതപ്പെട്ടതിൽ വച്ച് ഏറ്റവും മികച്ച നാടകം മാത്രമല്ല, അതിനെ അടിസ്ഥാനമാക്കിയാണ് ഏറ്റവും മികച്ച ഷേക്സ്പിയർ സ്ക്രീൻ അഡാപ്റ്റേഷനുകൾ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ഷേക്സ്പിയറിന്റെ കൃതികളുടെ അഡാപ റ്റേഷൻ ചെയ്ത ഏറ്റവും മികച്ച സിനിമാ സംവിധായകരിൽ ഒരാളായിരുന്നു ഗ്രിഗറി കോസിന്റ്സെവ്.

സോവിയറ്റ് കാലഘട്ടത്തിലെ ഏകാധിപ ത്യത്തിന്റെ ഏറ്റവും ആഴത്തിലുള്ള കലാപ രമായ കണ്ടെത്തലുകളാണ് കൊസിന്റ് സെവിന്റെ രണ്ട് മികച്ച ഷേക്സ്പിയർ ചിത്ര ങ്ങളായ ഹാംലെറ്റ് (1964), കൊറോൾ ലിർ (കിംഗ് ലിയർ) (1971) എന്നിവ.



1940-കളുടെ തുടക്കത്തിൽ കോസിന്റ്സെവ് ആദ്യമായി ഹാംലെറ്റും കിംഗ് ലിയറും അരങ്ങിലെത്തിച്ചു. എങ്കിലും റഷ്യയുടെ നാസി അധിനിവേശ യുദ്ധം അവസാ നിക്കുന്നതുവരെ ഷേക്സ്പിയറിന്റെ നാടകാവിഷ്കാരത്തെക്കുറിച്ചുള്ള പ്രവർത്തനങ്ങൾ നിർത്തിവെക്കപ്പെട്ടു. ഹാംലെറ്റിൻറെ ഏതൊരു നിർമ്മാണ ത്തെയും സ്റ്റാലിൻ തന്നെ സംശയിച്ചിരുന്നു. കാരണം ഷേക്സ്പിയറിന്റെ കൊള്ളക്കാര നായ കഥാപാത്രമായ ക്ലോഡിയസുമായി താനും താരതമ്യം ചെയ്യപ്പെടുമെന്ന് അദ്ദേഹം ഭയപ്പെട്ടിരുന്നു.

1964 ൽ പുറത്തിറങ്ങിയ ഹാംലെറ്റ് അക്കാലത്തെ പ്രധാന റഷ്യൻ ചിത്രങ്ങളി ലൊന്നായിരുന്നു. സോവിയറ്റ് യൂണിയ നിലും വിദേശത്തും നിരവധി അവാർഡു കൾ ഈ ചിത്രത്തിന് ലഭിച്ചു. ഇംഗ്ലീഷ് സാഹിത്യത്തിലെ ഒരു വിലപ്പെട്ട കൃതിയുടെ പതിപ്പായ, കോസിന്റ്സെവിൻറെ ഹാംലറ്റ് ഇംഗ്ലീഷിൽ നിർമ്മിച്ചതല്ല. എങ്കിലും അതിന് ബ്രിട്ടീഷ്, അമേരിക്കൻ നിരൂപകർക്കിടയിൽ പൊതുവെ അനുകൂലമായ സ്വീകാര്യത ലഭിച്ചു.

നാടകത്തിലെന്നപോലെ, എൽസി നോറിന് കാവൽ നിൽക്കുന്ന പട്ടാളക്കാർക്ക് മുമ്പിൽ പ്രേതം പ്രത്യക്ഷപ്പെടുന്ന രീതി യിലല്ല കൊസിൻട്സേവിന്റെ ഹാംലെറ്റ്

ആരംഭിക്കുന്നത്. മറിച്ച് എൽസിനോറിനെ ചുറ്റിപ്പറ്റിയുള്ള കടലിലൂടെയാണ്. എല്ലാ ഷേക്സ്പിയർ ചലച്ചിത്ര നിർമ്മാതാക്കളെയും പോലെ കോസിന്റ്സെവിനും, സിനിമാ പ്രേക്ഷകർക്ക് സ്വീകാര്യമായ രീതിയിൽ യഥാർത്ഥ നാടകത്തിന്റെ സമയം വലിയ അളവിൽ വെട്ടിച്ചുരുക്കേണ്ടി വന്നിട്ടുണ്ട്. കോസിന്റ്സെവിന്റെ ചിത്രം നാടകത്തിന്റെ വാസ്തുവിദ്യയോട് വിശ്വസ്തത പുലർത്തുന്നുണ്ടെങ്കിലും പാസ്റ്റെർനാക്കിന്റെ വിവർത്തനത്തെ അടിസ്ഥാനമാക്കിയുള്ള രചന വളരെയധികം ചുരുക്കിയിരിക്കുന്നു. സംഭാഷണങ്ങളുടെ ഉപയോഗമില്ലാതെയുള്ള, ശ്രദ്ധേയമായ സീക്വൻസുകൾ ഉൾപ്പെടുത്തിക്കൊണ്ട് നാടകത്തിന്റെ ഉള്ളടക്കത്തെ ദൃശ്യപരമായി പ്രതിനിധീകരിക്കാൻ കോസിന്റ്സെവ് നിരന്തരം ശ്രമിച്ചിട്ടുണ്ട്.

നാടകത്തിന്റെ രാഷ്ട്രീയ മാനത്തിന്റെ ഭൂരിഭാഗവും നീക്കം ചെയ്ത് ഹാംലെറ്റിന്റെ ആന്തരിക സംഘർഷങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച, ലോറൻസ് ഒലിവിയറിന്റെ 1948-ലെ സിനിമയിൽ നിന്ന്, വ്യത്യസ്തമാണ് കൊസിന്റ്സെവിന്റെ ഹാംലെറ്റ്. അതിൽ ഹാംലെറ്റിന്റെ ആന്തരിക സംഘർഷങ്ങൾ വ്യക്തിപരമെന്നതുപോലെ തന്നെ രാഷ്ട്രീയ പരവും പൊതുബോധമുള്ളതുമാണ്.

കറുപ്പിലും വെളുപ്പിലും ചിത്രീകരിച്ചിരിക്കുന്ന ഈ ചിത്രം ആഡംബരപൂർണ്ണവും ചിന്തോദ്ദീപകവുമായ സെറ്റുകൾ കൊണ്ടും, പരമാവധി അന്തരീക്ഷവെളിച്ചം കൊണ്ടും, വിലകുറഞ്ഞതല്ലാത്തതും ഓർമ്മിപ്പിക്കുന്നതുമായ വസ്ത്രങ്ങൾ കൊണ്ടും, വേദനാ ജനകമായ, മനോഹരവും ധീരവുമായ ഛായാഗ്രഹണം കൊണ്ടും ഷേക്സ്പിയറിന്റെ ഏറ്റവും മികച്ച ചലച്ചിത്രാവിഷ്കാരങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു. കൊസിന്റ്സെവിന്റെ

ഹാംലറ്റിൽ ഷോസ്റ്റാകോവിച്ചിന്റെ സംഗീതം വേട്ടയാടുന്നതും, തീവ്രവും, നാടകീയവും, വൈകാരികമായി സമ്പന്നവുമായതാണ്. വാക്കുകളിൽ കവിത നിറഞ്ഞ തിരക്കഥയാണ് മറ്റൊരു പ്രത്യേകത. കൂടാതെ, അത് ചിന്തനീയവും വൈകാരികമായി സങ്കീർണ്ണവു**മാണ്**.





മറ്റ് പാരമ്പര്യങ്ങളുടെ ഒരു ഛായ തന്റെ സിനിമയിൽ കൊണ്ടുവരാൻ വേണ്ടിയാകണം, റഷ്യൻ ഭാഷ സംസാരിക്കാത്ത ചില നടന്മാരെയാണ് കോസിന്റ്സെവ്ചിത്രത്തിൽ അവതരിപ്പിച്ചത്.

എന്നാൽ നാടകരംഗത്ത് വിപുലമായ പരിചയസമ്പത്തുള്ള റഷ്യൻ നടൻ ഇന്നോകെന്റി സ്മോക്റ്റുനോവ്സ്കിയെയാണ് കേന്ദ്രകഥാപാത്രമായ ഹാംലറ്റ് രാജകുമാരനെ അവതരിപ്പിക്കാനായി അദ്ദേഹം തിരഞ്ഞെടുത്തത്. പരമ്പരാഗതമായ രൂപത്തിൽ, അദ്ദേഹത്തിന് ഒരു വ്യക്തിഗത അഭിനയരീതി ഉണ്ടായിരുന്നു.

വിശ്വ മഹാകവിയായ ഷേക്സ്പിയറിന്റെ ഏറ്റവും തീവ്രമായ ദുരന്ത നാടകമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഹാംലറ്റ് വായിച്ചിട്ടുള്ളവർക്കും അല്ലാത്തവർക്കും ഏറ്റവും വസ്തുനിഷ്ഠമായി ആസ്വദിക്കാൻ കഴിയുന്ന ഒരു ചലച്ചിത്ര ആവിഷ്കാരമാണ് കൊസിന്റ്സെവി സംവിധാനത്തിൽ 1964-ൽ പുറത്തിറങ്ങിയ ഈ ചിത്രം.



# ലോക സാഹിത്യ ചരിത്രത്തിൽ ഷേക്സ്പീയർ നാടകങ്ങളുടെ കലാമൂല്യം



**ഡോ. പി. അജികുമാർ**
(ഫിൽക്ക)



ലോക സാഹിത്യ ചരിത്രത്തിലെ അമൂല്യ രത്നങ്ങളാണ് ഷേക്സ്പിയറുടെ നാടകങ്ങൾ. അനശ്വരമായ സൗന്ദര്യത്മകത അവയെ കാലാതീതമാക്കി. ആ കൃതികളിലെ ചില സവിശേഷതകളെയാണ് ഇവിടെ വിശകലനം ചെയ്യുന്നത്. കാവ്യാത്മകമായ ഭാഷയാണ് എടുത്തു പറയേണ്ട ഒരു പ്രത്യേകത. അമൂർത്തമായ പ്രതീകങ്ങൾ, രൂപകങ്ങൾ, പദാവലികൾ എന്നിവയാൽ സമൃദ്ധമാണ് ഈ നാടകങ്ങൾ. ഒരു പ്രത്യേക വൃത്തമായ അയാംബിക് പെന്റമീറ്റർ ആണ് അദ്ദേഹത്തിന്റെ രചനകളിൽ അനുവർത്തിച്ചിരിക്കുന്നത്. താളനിബദ്ധമായ അതിന്റെ ഒഴുക്കിലൂടെ അനുവാചകരിൽ വൈകാരികമായ സ്വാധീനം ചെലുത്താൻ സാധിക്കുന്നു.

അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ സങ്കീർണ്ണവും ബഹുമുഖതയും ഉള്ളവരാണ്. അതിസൂക്ഷ്മമായ അന്ത:ചോദനകളും പ്രേരണകളും പേറുന്നവരും കഥയിലൂടനീളം വികാസം പ്രാപിക്കുന്നവരുമാണ്.സാർവ്വലൗകിക പ്രപഞ്ച സത്യങ്ങളായ അധികാരം, പ്രണയം, നശ്വരത തുടങ്ങിയ പ്രമേയങ്ങളാണ് കൃതികളിൽ പ്രതിഫലിക്കുന്നത്. മനുഷ്യമനസ്സിന്റെ നിഗൂഢമായ ഉൾക്കാഴ്ചകളും സങ്കീർണ്ണതകളും വൈരുധ്യങ്ങളും ഏറ്റുമുട്ടലുകളും ഇവയിലൂടെ അനാവൃതമാകുന്നു.

പ്രേക്ഷകനെ എപ്പോഴും ആശ്ചര്യപ്പെടുത്തുന്ന, അമ്പരപ്പിക്കുന്ന കഥാഗതിയിലെ ട്വിസ്റ്റ്. ഷേക്സ്പിയർ നാടകങ്ങളുടെ മാത്രം പ്രത്യേകതയാണ്. പ്രസിദ്ധമായ നാടകീയ സ്വഗതാഖ്യാനവും പ്രേക്ഷകരിൽ പിരിമുറുക്കം സൃഷ്ടിക്കുകയും കഥയിലേക്ക് ആഴത്തിൽ ഇറങ്ങി ചെല്ലാനും സഹായിക്കുന്നു. ലോകസാഹിത്യ ചരിത്രത്തിൽ തന്നെ നാടകങ്ങളും കവിതയും രൂപാന്തരപ്പെടുന്നതിൽ ഇദ്ദേഹത്തിന്റെ നാടകങ്ങൾക്കുള്ള സ്വാധീനം വലുതാണ്. മനുഷ്യ സ്വഭാവത്തിന്റെ ഉൾക്കാഴ്ചകളിലേക്ക് ഇറങ്ങിച്ചെല്ലുന്ന ഈ അനശ്വര കൃതികൾ എക്കാലത്തെയും പ്രേക്ഷകർക്ക് അനുഭവ വേദ്യമാകുന്നു. അതുകൊണ്ടു തന്നെ അവ എക്കാലത്തും പഠനങ്ങൾക്കും വിശകലനങ്ങൾക്കും നാൾക്കുനാൾ വിധേയമാകുന്നു. സാംസ്കാരികമായ അതിർ വരമ്പുകളെ ഭേദിച്ചു സാർവ്വകാലികമായ മനുഷ്യ അനുഭവങ്ങളുടെ

June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival


പ്രപഞ്ചമാണ്. ഈ കൃതികൾ കാഴ്ച വയ്ക്കുന്നത്.
അപരിഹാര്യമായ വിധി, കർത്തവ്യം, പ്രതികാരം, പക എന്നിവയാണ് മിക്ക കൃതികളിലും പ്രധാന പ്രമേയമായി വരുന്നത്. കഥാപാത്രത്തിന്റെ ജീവിതം എപ്പോഴും നിർണ്ണയിക്കുന്നത് തടുക്കാനാവാത്ത വിധിയുടെ പ്രഹരമാണ്. വിധിയുടെ വേട്ടമൃഗങ്ങളും ബലിമൃഗങ്ങളുമായ അവർ അതിനുമുന്നിൽ അടിയറവു പറയുന്നതോടെ അതൊരു ദുരന്തപര്യവസായിയായി മാറുന്നു.റോമിയോ ജൂലിയറ്റിലെ പ്രേമം, മാക്ബത്തിലെ പ്രവചനം, ഈഡിപ്പസിന്റെ പതനം എന്നിവ വിധിയുടെ പ്രഹരത്തിന്റെ ഉദാഹരണങ്ങളാണ്.

കഥാപാത്രങ്ങൾ എപ്പോഴും കർത്തവ്യനിരതരാണ്. കുടുംബം, രാജ്യം, സദാചാരം, എന്നിവയിൽ ഏതിലെങ്കിലും അധിഷ്ഠിതമായതാണ് കർത്തവ്യം. വ്യക്തിയും ആഗ്രഹങ്ങളും തമ്മിലുള്ള ആത്മസംഘർഷം, ഏതു തെരഞ്ഞെടുക്കുമെന്ന ആശങ്ക. അതവരെ നാശത്തിലേക്കു എത്തിക്കുന്നു. ഹാംലെറ്റിന് പിതാവിന്റെ മരണത്തോട് പ്രതികാരം കിങ്‌ലീയറിന് രാജ്യത്തോട്, ബ്രൂട്ടസിന് റോമിനോട്. ആക്രമണവാസനയുടെ ഒരു പരമ്പര തന്നെ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രതികാരമാണ് ആവിഷ്കരിക്കുന്നത്. അത് അവരെ കൂടുതൽ കഷ്ടപ്പാടിലേയ്ക്കും ദുരിതത്തിലേയ്ക്കും നയിക്കുന്നു. ശത്രുവിനെ വരുതിയിലാക്കാനും പ്രതാപം വീണ്ടെടുക്കാനും ശിക്ഷിക്കാനും സ്വീകരിക്കുന്ന വഴി പ്രതികാരമാണ്. ഹാംലെറ്റിന്റെ ക്ളോഡിയസിനോടുള്ള പ്രതികാരദാഹം, ടൈറ്റസ് അന്റോണിക്കസിന്റെ മൃഗീയ പ്രതികാരം, ലയറ്റീസ്സിന്റെ ഹാംലെറ്റിന് എതിരെയുള്ള പ്രതികാരം ഇവയൊക്കെ ഇതിനുദാഹരണമാണ്. ഷേക്സ്പിയർ കഥാപാത്രങ്ങളുടെ സങ്കീർണ്ണമായ മനുഷ്യ സ്വഭാവങ്ങളുടെ വികാസത്തിൽ കഥയുടെയും പ്രമേയങ്ങളുടെയും സംഘർഷങ്ങളുടെയും അടരുകൾ പരസ്പരം ഇഴുകിചേർന്നിട്ടുള്ളതായി കാണാൻ കഴിയും. ചുരുക്കത്തിൽ സൗന്ദര്യാത്മകതയുടെ നിധിശേഖരമാണ് അഥവാ ഖനിയാണ് ഷേക്സ്പിയറിന്റെ കൃതികൾ. സമൃദ്ധവും സങ്കീർണ്ണവുമായ കാലാതീതമായ മനുഷ്യമനസ്സിന്റെ വ്യവഹാരങ്ങളുടെ ആവിഷ്കാരമാണ് ഈ ജീവിതനാടകങ്ങൾ. ●



# ഗ്രിഗറി കൊസിന്റ്സേവ് എന്ന ചലച്ചിത്രകാരൻ



ഗിരിജ സുരേന്ദ്രൻ
ഫിൽക്ക



1905 മാർച്ച് 22 ന് ഉക്രെയ്നിലെ കീവിൽ ജനിച്ച പ്രശസ്ത സോവിയറ്റ് ചലച്ചിത്ര സംവിധായകനും, തിരക്കഥാകൃത്തും, അധ്യാപകനുമായിരുന്നു - ഗ്രിഗറി കൊസിന്റ് സേവ്. സോവിയറ്റ് സിനിമകളിൽ അദ്ദേഹം തന്റെ ജീവിതകാലം മുഴുവൻ ശ്രദ്ധേയമായ സർഗാത്മക സംഭാവന നൽകി.

അദ്ദേഹം കീവ് ജിംനേഷ്യത്തിൽ പഠിച്ചു . അവിടെ സെർജി യുട്കെവിച്ച് ഉൾപ്പെടെയുള്ള സഹ വിദ്യാർത്ഥികൾക്കൊപ്പം ആർലെക്കിൻ എന്ന പേരിൽ ഒരു പരീക്ഷണാത്മക തിയേറ്റർ സംഘടിപ്പിച്ചു.

സർക്കസും സംഗീതവും ഉൾക്കൊള്ളുന്ന പരീക്ഷണാത്മക പ്രകടനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഒരു നാടക ഗ്രൂപ്പായ ഫാക്ടറി ഓഫ് ദി എക്സെൻട്രിക് ആക്ട്സ് (FEKS) അദ്ദേഹം സ്ഥാപിച്ചു.

ദി മാക്സിം ട്രിലജി (1935-1939), ഡോൺ കിക്സോട്ട് (1957), ഹാംലെറ്റ് (1964), കിംഗ് ലിയർ (1970) എന്നിവയുൾപ്പെടെ നിരവധി ചിത്രങ്ങൾ കോസിന്റ്സെവ് സംവിധാനം ചെയ്തു.

1964-ൽ അദ്ദേഹത്തെ, പീപ്പിൾസ് ആർട്ടിസ്റ്റ് ഓഫ് ദി സോവിയറ്റ് യൂണിയനായി നാമകരണം ചെയ്തു, ഹാംലെറ്റ് എന്ന കൃതിക്ക് 1965-ൽ സോവിയറ്റ് യൂണിയന്റെ സ്റ്റേറ്റ് ലെനിൻസ് സമ്മാനം ലഭിച്ചു.

സോവിയറ്റ് സ്റ്റേറ്റ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലും (വിജിഐകെ) ലെൻഫിലിം സ്റ്റുഡിയോയിലും അദ്ദേഹം ചലച്ചിത്ര സംവിധാനം പഠിപ്പിച്ചു. സ്റ്റാനിസ്ലാവ് റോസ്റ്റോട്സ്കി, സെർജി ഗെരാസിമോവ് തുടങ്ങിയ പ്രശസ്ത സംവിധായകരെ അദ്ദേഹം പഠിപ്പിച്ചു.

കാവ്യാത്മകമായ കഥപറച്ചിൽ, ശക്തമായ ദൃശ്യങ്ങൾ, ഉൾക്കാഴ്ചയുള്ള സാമൂഹിക വ്യാഖ്യാനം എന്നിവയാണ് കോസിന്റ്സേവിന്റെ സിനിമകളുടെ സവിശേഷത.

റഷ്യൻ സിനിമാട്ടോഗ്രാഫിയെ രൂപപ്പെടുത്തുന്നതിൽ അദ്ദേഹം നിർണായക പങ്ക് വഹിച്ചു, തുടർന്നുള്ള തലമുറകളിലെ ചലച്ചിത്ര പ്രവർത്തകരെ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ കൃതികൾ റഷ്യൻ സാംസ്കാരിക പൈതൃകത്തിന്റെ ഒരു അനിവാര്യ ഘടകമായിതന്നെ ഇപ്പോഴും കരുതുന്നു. ഹാംലെറ്റ്, കിംഗ് ലിയർ തുടങ്ങിയ സിനിമകൾക്ക് കലാപരവും സാംസ്കാരികവുമായ പ്രാധാന്യമുണ്ട് .

ഗ്രിഗറി കോസിന്റ്സേവിന്റെ സിനിമകളിൽ അദ്ദേഹത്തിന്റെ വൈവിധ്യവും കഥപറച്ചിലിലെ നൂതന സമീപനവും പ്രകടമാക്കുന്നു.

**സൈലന്റ് ഫിലിംസ്**

**ദി അഡ്വഞ്ചേഴ്സ് ഓഫ് ഒക്ത്യബ്രീന*** (1924) രാഷ്ട്രീയവും ബഫൂണറിയും സംയോജിപ്പിക്കുന്ന ഒരു ഹ്രസ്വചിത്രം.

**ദി ഡെവിൾസ് വീൽ (1926)** കോസിന്റ്സേവ് സംവിധാനം ചെയ്ത മറ്റൊരു സിനിമ.

**ദി ഓവർകോട്ട് (1926)** നിക്കോളായ് ഗോഗോളിന്റെ സെന്റ് പീറ്റേഴ്സ്ബർഗ് കഥകളുടെ ഒരു രൂപാന്തരം.

**ദി ക്ലബ് ഓഫ് ദി ബിഗ് ഡീഡ്** (1927) യൂറി ടൈന്യാനോവ് തിരക്കഥയെഴുതിയ ഒരു ചരിത്ര മെലോഡ്രാമ.

ലിറ്റിൽ ബ്രദർ (1927) കോസിന്റ്സേവിന്റെ സ്വന്തം തിരക്കഥയെ അടിസ്ഥാനമാക്കിയുള്ള ഒരു സിനിമ.

**ദി ന്യൂ ബാബിലോൺ (1929)** ലിയോണിഡ് ട്രോബർഗുമായി സഹസംവിധാനം ചെയ്ത ഒരു ചരിത്ര സിനിമ.

സൗ് ഫിലിംസ്

**എലോൺ (1931)** പരീക്ഷണാത്മക മൊണ്ടാഷ് ശബ്ദ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള സിനിമ.

**ദി യൂത്ത് ഓഫ് മാക്സിം (1934)** മാക്സിം ട്രിലജിയുടെ ആദ്യ ഭാഗം.

ദി റിട്ടേൺ ഓഫ് മാക്സിം (1937) മാക്സിം ട്രിലജിയുടെ രണ്ടാം ഭാഗം.

ദി വൈബർഗ് സൈഡ് (1938) മാക്സിം ട്രിലജിയുടെ മൂന്നാം ഭാഗം.

പിറോഗോവ് (1947) റഷ്യൻ സർജൻ നിക്കോളായ് പിറോഗോവിനെക്കുറിച്ചുള്ള ജീവചരിത്ര സിനിമ.

ബെലിൻസ്കി (1953) റഷ്യൻ സാഹിത്യ നിരൂപകൻ വിസാരിയോൺ ബെലിൻസ്കിയെക്കുറിച്ചുള്ള ഒരു ജീവചരിത്ര സിനിമ.

ഡോൺ കിക്സോട്ട് (1957) മിഗുവൽ ഡി സെർവാന്റസിന്റെ നോവലിന്റെ ക്ലാസിക് ചലച്ചിത്രാവിഷ്കാരം.

ഷേക്സ്പിയർ അഡാപ്റ്റേഷനുകൾ

ഹാംലെറ്റ് (1964) 1965 ലെ ലെനിൻ സമ്മാനം നേടിയ സിനിമ. വില്യം ഷേക്സ്പിയറിന്റെ നാടകത്തിന്റെ ചലച്ചിത്രാവിഷ്കാരം.


കിംഗ് ലിയർ(1970) വില്യം ഷേക്സ്പിയറിന്റെ നാടകത്തിന്റെ ചലച്ചിത്രാവിഷ്കാരം.



June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival



# ഹാംലറ്റ്



**രാജാംബിക**
(അസോസിയേറ്റ് എഡിറ്റർ,
ഫിൽക്ക മാഗസിൻ)

വിശ്വജാലകങ്ങൾ തകർത്തു
കുതികൊള്ളും കൊടുങ്കാറ്റിൻ
രാക്ഷസക്കൈകൾ
വൻമരങ്ങളെ  കടപുഴക്കി,
അംബരമാകെയിരുണ്ടുകൂടി,
ചാന്ദ്രവദനം മറച്ചൊരാ ഭീകരരാത്രി.
മേഘ ഗർജ്ജനങ്ങൾ, മിന്നൽപ്പിണറുകൾ
എങ്ങും
പ്രകമ്പനത്താൽ വിറകൊള്ളവെ...

കൂടം തകർന്ന പറവകൾ തൻ
ദീനരോദനം, ജീവനുവേണ്ടിപ്പിടയുന്ന
ശബ്ദകോലാഹലങ്ങൾ അരുതായ്കകളുടെ
അസ്തമനക്കേളികൊട്ടുയർന്ന രാത്രി...

ചന്ദനക്കട്ടിലിൽ ചാഞ്ഞുക്കിടക്കവെ
വാത്സല്യ പിതാവിന്റെ ഹാരാർപ്പിതമാം
ഛായാചിത്രത്തിലാകവെ
നയനങ്ങളുഴിഞ്ഞു, പീലികൾ നനഞ്ഞു,
വിതുമ്പി.

ത്ധടുതിയിലതാ ദൃശ്യങ്ങളാകെ മാറി,
ശാന്തത പുൽകി
പൗർണ്ണമിപ്രഭ തെളിഞ്ഞു കാണായി.

ധ്രുവത്തിന് പടിഞ്ഞാറ് ജ്വലിക്കുന്നൊരു താരകം
ധരണിയിലണഞ്ഞ നേരമതാ തെളിയുന്നു
പടച്ചട്ടയണിഞ്ഞ ഡൻമാർക്ക് രാജാവിൻെറ
മായാരൂപം.

അഗ്നിജ്വാലകളും രക്തബിന്ദുക്കളുമകമ്പടി
സേവിക്കും
കമനീയ നക്ഷത്രങ്ങളുടെ നട്ടപ്പാതിര.

കരങ്ങൾ വിടർത്തി  മൂകനായി, നിരാശനായി.
മൊഴിയാനുണ്ടേറെ പുത്രനോടു,
സന്ദർഭം, വരും,
വരാതിരിക്കില്ലെന്നു പലനാളായി
കാത്തീടുന്നു...

സർപ്പദംശനമേറ്റു പരലോകം പൂകിയതല്ല,
കർണ്ണത്തിലൊഴുക്കിയ ഘോരവിഷം,
സോദരൻ;
നുണക്കഥകൾ മെനഞ്ഞതും,
ശവമടക്കിൻ പകലൊടുങ്ങും മുൻപെ
രാജ്ഞിയെ വരിച്ചതും...

അഭിലാഷങ്ങൾ പൂവണിയാതെയലയുന്നു
മകനേ ഞാൻ;
പകരം ചോദിക്കണമീ ദുഃസ്ഥിതിക്കതു നിൻ
കടമയോർത്തീടുക.
അഗമ്യഗമനം ചെയ്തൊരാ കാമാർത്തയാം
നാരിതൻ വാസമിനി  അഴിയ്ക്കകത്തു.

നിഷ്ഠൂരവധത്തിനർഹനോ, വിധിയോ;
നീചനാം സോദരൻ അരങ്ങു
തകർത്താടിടുന്നു.

താതൻെറ ദുർമരണദൂത് ഗ്രഹിച്ച നിമിഷം
പ്രപഞ്ചം നിലച്ചു

ഭൂമികയിലലിയാനായിക്കൊതിച്ച
അഭിശപ്ത രാത്രി...

കൊളളിയാനൊന്നു മിന്നി, കുപിതനായ്
പ്രതികാരവാജ്ഞ്ചയാൽ
അഗ്നി പകർന്നൊരാ വദനത്തിൽ
നിശ്ചയദാർഢ്യം സ്ഫുരിച്ചും കരങ്ങൾ
വാൾപ്പിടിയിലേക്കും.

വാൾപയറ്റിൽ അജയ്യനായി തിരിച്ചു
വരുന്നതു ഗദ്ഗദത്തോടെ വീക്ഷിക്കും
മിഴികളും
മധുചഷകങ്ങളിൽ കാളകൂടം
പകർന്നുപജാപക സംഘവും.

പ്രതിരോധത്തിൻ പൊൻകിരണങ്ങളുതിരവെ
പുതിയ കിരീടം നിലത്തുരുളുന്നു...
നീതിതൻ ശീതമാരുതൻ ആഹ്ളാദ നൃത്തം
ചവിട്ടുന്നു.

കാലമേ മായ്ചുവോ രക്തരക്ഷസുകളെ
പക്ഷേ..... കാലത്തിൻ കൊലച്ചിരിയിൽ
പ്രജകൾ തലതാഴ്ത്തി.
അരുമയാം കുമാരനും കരിനീലിച്ചു
പട്ടുമെത്തയിൽ, കാണായ നേരം ദിഗന്തം
വിറകൊണ്ടു.

പയറ്റിയനേരമോ ശത്രുക്കൾ വാളിൻ തലപ്പത്ത്
വിഷം തൂകിയിരുന്നുവോ.
പുത്രനു വച്ചത് വിഷചഷകമെന്നറിയാതെ
പാനം ചെയ്തോരമ്മയും
ശ്വാസം നിലച്ചു ശയിക്കുന്നു..

അപ്പോഴും ഇമകൾ കൂമ്പി,
മകനരികെ തേങ്ങലോടെയൊരു താരകം
പടച്ചട്ടയിൽ മായാരൂപം .

വൻ ചതിയുടെ നിഴൽ നാടകങ്ങൾ കണ്ടതാ
താരകം പടചട്ടയൂരിയെറിഞ്ഞ്
ധ്രുവത്തിന് പടിഞ്ഞാറ് മായുന്നു



filca FILM LOVERS CULTURAL ASSOCIATION

# FILCA FILM SOCIETY

www.filca.in

## 25 ാം വർഷത്തിലേയ്ക്ക്


- എല്ലാ മാസവും പ്രത്യേക പ്രമേയം ആസ്പദമാക്കി ലോക സിനിമാ ഫെസ്റ്റിവലുകൾ.
- നഗര ഹൃദയത്തിൽ സൗകര്യ പ്രദമായ പ്രദർശനം.
- പ്രവേശനം സൗജന്യം.
- ഓരോ മാസവും പ്രശസ്ത വ്യക്തികൾ അതിഥികളായെത്തുന്നു.
- ഓരോ മാസവും ഡിജിറ്റൽ ഫിലിം മാഗസിൻ.
- എപ്പോഴും റെഫറൻസിന് ഉപയോഗിക്കാവുന്ന രീതിയിൽ മാഗസിൻ ഓൺലൈനിൽ സൂക്ഷിക്കുന്നു.
- പ്രത്യേകം website. www.filca.in
- സിനിമയുമായി ബന്ധപ്പെട്ട് വർക്ക് ഷോപ്പുകൾ.
- വിവിധ കഴിവുകൾ ചലച്ചിത്ര - മാധ്യമ രംഗത്ത് പ്രകാശിപ്പിക്കാനുള്ള അവസരം.
- ചലച്ചിത്ര ഗ്രന്ഥങ്ങളുടെ പ്രസാധനം.
- ഡോക്യുമെന്ററി - ഫീച്ചർ സിനിമകളുടെ നിർമ്മാണം.
- സ്വന്തമായി നൂതന പ്രൊജക്ടർ, ഓഡിയോ സിസ്റ്റം, കമ്പ്യൂട്ടർ ഉപകരണങ്ങൾ, സ്ക്രീൻ തുടങ്ങിയവ.
- ഫിലിം എഡിറ്റിംഗ്, സിനിമാട്ടോഗ്രാഫി, സ്ക്രിപ്റ്റ് റൈറ്റിംഗ് തുടങ്ങിയവ പഠിക്കാൻ സൗകര്യം.
- സാങ്കേതിക വിദഗ്ദരുടെയും കലാകാരന്മാരുടെയും രചയിതാക്കളുടെയും ചലച്ചിത്ര ആസ്വാദകരുടെയും കൂട്ടായ്മ.

June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival
KSFDC



(പ്രതികരണം)

# പ്രതികരണം- ഫിൽക്ക ഫിലിം സൊസൈറ്റിയുടെ മെയ് മാസ പരിപാടി - *ആൽഫ്രഡ് ഹിച്ച്കോക്ക് ഫിലിം ഫെസ്റ്റിവൽ -



ജോൺ തോമസ്
(ഫിൽക്ക)

ഫ്രഞ്ചുകാരായ ലൂമിയർ സഹോദരന്മാർ 1895 ൽ രൂപം കൊടുത്ത സിനിമ എന്ന സാങ്കേതിക രൂപം ചുരുങ്ങിയ കാലം കൊണ്ട് നിരവധി നാഴികക്കല്ലുകൾ പിന്നിട്ടു. അതിലൊന്നാണ് ഹൊററർ, സസ്പെൻസ്, ത്രില്ലർ എന്നിവ ഈ മാധ്യമത്തിലൂടെ ആവിഷ്കരിക്കപ്പെട്ടത്.

ഹൊററർ, സസ്പെൻസ്, ത്രില്ലർ എന്നിങ്ങനെയുള്ള പേരുകൾ കേൾക്കുമ്പോൾ ചലച്ചിത്ര കലയെ ഗൗരവമായി സമീപിക്കുന്നവരുടെ മനസ്സിൽ ആദ്യമായി തെളിയുന്ന പേര് ഇംഗ്ലിൽ നിന്നും കുടിയേറി അമേരിക്കൻ പൗരത്വം സ്വീകരിച്ച പ്രസിദ്ധ സംവിധായകൻ ആൽഫ്രഡ് ഹിച്ച്കോക്കിന്റേതാണ്. ലോക സിനിമയിൽ ഏറ്റവും സ്വാധീനം ചെലുത്തിയവരിൽ ഒരാൾ ആണ് അദ്ദേഹം. 1920 മുതൽ 60 വർഷക്കാലം നീണ്ടുനിന്ന ചലച്ചിത്ര ജീവിതത്തിൽ ഹിച്ച്കോക്ക് രൂപം കൊടുത്ത സിനിമകളിൽ മികച്ച സിനിമകൾ തെരഞ്ഞെടുക്കാൻ സിനിമ ചരിത്ര കുതുകികളോട് ആവശ്യപ്പെട്ടാൽ അവർ തെരഞ്ഞെടുക്കുന്ന സിനിമകളിൽ സൈക്കോ, റിയർ വിൻഡോ, വെർട്ടിഗോ, ബേർഡ്സ് എന്നിവ നിശ്ചയമായും ഉൾപ്പെടും.ഈ നാല് സിനിമകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു ചലച്ചിത്ര മേളയാണ് ആൽഫ്രഡ് ഹിച്ച്കോക്ക് ഫിലിം ഫെസ്റ്റിവൽ എന്ന പേരിൽ 2025 മെയ് മാസം 25ാം തീയതി മെയ് മാസ പരിപാടിയായി ഫിൽക്ക ഫിലിം സൊസൈറ്റി സംഘടിപ്പിച്ചത്.

നാല് സിനിമകളുടെയും വിശദമായ കഥാതന്തു, സംവിധായകനെ കുറിച്ചും അദ്ദേഹത്തിന്റെ സിനിമകളുടെ പ്രത്യേകതയെ സംബന്ധിച്ചും ഒക്കെയുള്ള വിവരണം എന്നിവ മെയ് മാസത്തെ ഫിലിം വിഷൻ ഡിജിറ്റൽ മാഗസിനിലൂടെ പതിവുപോലെ ഏവർക്കും നൽകിയിരുന്നു. എല്ലാ ഫെസ്റ്റിവലിലും അനുവർത്തിച്ചു വരുന്നതു പോലെ ഈ ഫെസ്റ്റിവലിനു വേണ്ടി



June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival





തയ്യാറാക്കിയ സിഗ്നേച്ചർ ഫിലിം ശ്രദ്ധേയമായിരുന്നു. നാല് സിനിമകളിലെയും നിർണ്ണായക മുഹൂർത്തങ്ങൾ കോർത്തിണക്കി അവയിലെ പശ്ചാത്തല ശബ്ദത്തിന്റെ അകമ്പടിയോടെ തയ്യാറാക്കിയ സിഗ്നേച്ചർ ഫിലിം. അതിൽ അന്തരിച്ച സംവിധായകൻ പ്രിയപ്പെട്ട ഷാജി.എൻ. കരുണിനുള്ള ആദരാഞ്ജലി അർപ്പണം ഉൾപ്പെടുത്തിയത് ഉചിതമായി.

മേളയിൽ ആദ്യമായി പ്രദർശിപ്പിച്ചത് 1960 ൽ റിലീസ് ചെയ്യപ്പെട്ട കുറ്റവാളികളുടെ മനസ്സിന്റെ വിശകലനം നിർവഹിക്കുന്ന ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രം സൈക്കോയാണ്. അമ്മയുടെ പുനർവിവാഹത്തോടെ തനിക്ക് അവരിൽ നിന്നും ലഭിച്ചു വന്ന സ്നേഹം നഷ്ടപ്പെടുമെന്ന് ചിന്തിച്ച് നായക കഥാപാത്രം അവരെയും ഭർത്താവിനെയും കൊന്ന് അമ്മയുടെ മൃതശരീര ഭാഗങ്ങൾ താൻ പരിശീലിച്ചെടുത്ത ശാസ്ത്രവിദ്യ ഉപയോഗിച്ച് അഴുകിപ്പോകാതെ നിലനിർത്തി ഒരുതരം പൊസ്സസ്സീവായ അമ്മ വീട്ടിൽ ഉണ്ടെന്ന മട്ടിൽ അവരുമായി ഉച്ചത്തിൽ സംസാരിക്കുകയും വാഗ്വാദത്തിൽ ഏർപ്പെടുകയും ചെയ്തു വന്നു. ഒരു തരത്തിൽ പറഞ്ഞാൽ മിസ്റ്റർ ജെക്കീൽ & മിസ്റ്റർ ഹൈഡ് എന്ന കൃതിയിലെപ്പോലെ ദ്വിമുഖ വ്യക്തിത്വത്തിന് ഉടമയായ നായകൻ. വീടിനോട് ചേർന്ന് ഒരു ലോഡ്ജ് നടത്തുന്നു, ഒരു സീരിയൽ കില്ലർ ആയി മാറിയ അയാൾ. സിനിമയിൽ അയാളുടെ ആദ്യത്തെ ഇര ആവുന്നത് തന്റെ കമിതാവിനെ താനും ഒത്തുള്ള വിവാഹത്തിന് സജ്ജനാക്കാൻ അയാളെ കടബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിന് ആവശ്യമായ ധനം കണ്ടെത്തുന്നതിനുള്ള വ്യഗ്രതയിൽ താൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും ബാങ്കിൽ അടയ്ക്കാൻ ഏൽപ്പിക്കുന്ന പണവുമായി കടന്നു കളഞ്ഞ് പട്ടണം വിട്ട് രാത്രി താമസത്തിന് ഈ ലോഡ്ജിൽ എത്തുന്ന യുവതിയും. തുടർന്ന് പണവുമായി അപ്രത്യക്ഷയായ ജീവനക്കാരിയെ കണ്ടെത്തുന്നതിന് സ്ഥാപനം ഏർപ്പെടുത്തിയ ഡിറ്റക്റ്റീവും കൊലക്കത്തിക്ക് ഇരയാവുന്നു. എന്നാൽ മരിച്ച പെൺകുട്ടിയുടെ കാമുകനും അവളുടെ സഹോദരിയും ചേർന്ന് കൊലപാതക രഹസ്യം പുറത്തുകൊണ്ടു വരുന്നു. പണവുമായി കാറു മാറി റോഡിലെ ഓരോ ചലനത്തെയും തെറ്റ് ചെയ്തവരിൽ സ്വാഭാവികമായും ഉണ്ടാകുന്ന സംശയത്തോടെയും ഭയാശങ്കകളോടെയും വീക്ഷിച്ചു യാത്ര ചെയ്തു നീങ്ങുന്ന പെൺകുട്ടിയെ ചിത്രീകരിച്ച ഉദ്വേഗജനകമായ അന്തരീക്ഷം ഏതാണ്ട് സിനിമയുടെ പകുതി വരെ നിലനിന്നു. പിന്നീട് കൊലപാതകിയായ നായക കഥാപാത്രത്തിന്റെ മാനസികാവസ്ഥയുടെ



June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival
KSFDC
filca



വിശ്ലേഷണത്തിന് ഊന്നൽ നൽകുന്നതായി മാറി ഈ സിനിമ.

തുടർന്ന് അവതരിപ്പിക്കപ്പെട്ട റിയർ വിൻഡോ ഒരു കുറ്റവാളിയെ ഒരു കെട്ടിടത്തിനു മുകളിലൂടെ ചേസ് ചെയ്തുള്ള സാഹസി കമായ ഓട്ടത്തിനിടയിൽ സഹപ്രവർത്ത കന്റെ മരണം കണ്ട് ഉയരപ്പേടിയാൽ താഴെ വീണു കാലൊടിഞ്ഞ് പ്ലാസ്റ്ററിട്ട് വീട്ടിൽ കഴിയുന്ന ഒരു ഫോട്ടോ ജേർണലിസ്റ്റിന്റെ കഥയാണ്. അയാൾ വിശ്രമത്തിനിടയിൽ സമയം കൊല്ലാൻ വേണ്ടി തന്റെ ഫ്ലാറ്റിന്റെ പിൻ ജനലിലൂടെ മറ്റു ഫ്ലാറ്റുകളിൽ നിത്യേന കാണുന്ന കാഴ്ചകൾ, ഒരു കൊല പാതകത്തിന്റെ ചുരുളഴിക്കാൻ പര്യാപ്ത മായി തീരുന്നതാണ് കഥ. ബൈനോക്കു ലറിൽ തുടങ്ങി ക്യാമറയുടെ വരെ അനന്ത സാധ്യതകൾ വെളിവാക്കിത്തരുന്ന ചിത്രം. എത്ര പരിമിതമായ ചുറ്റുപാടിൽ ആണെങ്കിലും ഓ. ഹെന്ററിയുടെ ലാസ്റ്റ് ലീഫ് എന്ന കഥയിലെ പോലെ ഈ സിനിമയിലെ നായകൻ ദൈനംദിനം കാണുന്ന കാഴ്ചകളിൽ നിന്നും മെനഞ്ഞെടുക്കുന്ന കഥകൾ നർമ്മം കലർത്തി പ്രേക്ഷകന്




വെളിവാക്കിത്തരുന്നു. അവിവാഹിതനായ ഫോട്ടോ ജേർണലിസ്റ്റിനെ പരിചരിക്കാൻ എത്തുന്ന മധ്യവയസ്ക ഏകാന്തത, വിവാഹം, സൗഹൃദം തുടങ്ങി പല കാര്യങ്ങളിലും നടത്തുന്ന സംഭാഷണം ഈ സിനിമയുടെ മാറ്റ് വർദ്ധിപ്പിക്കുന്നു. ജെയിംസ് സ്റ്റുവർട്ട്, ഗ്രേസ് കെല്ലി എന്നീ നടീ നടന്മാരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമാണ് 1954 ൽ നിർമ്മിക്കപ്പെട്ട ഈ സിനിമ.

തുടർന്ന് അവതരിപ്പിക്കപ്പെട്ടത് പ്രൈവറ്റ് ഡിറ്റക്ടീവിന്റെ ജോലിയിൽ നിന്നും ഉയരപ്പേടിയാൽ ഒഴിവായി നിന്ന സുഹൃത്തിനെ ധനാഢ്യനായ ഒരു ബിസിന സുകാരൻ തന്റെ ഭാര്യയുടെ രഹസ്യമായ പകൽ യാത്രകളെക്കുറിച്ച് അന്വേഷിച്ചു കണ്ടുപിടിക്കാൻ നിയോഗിക്കുന്ന വെർട്ടിഗോ എന്ന സിനിമയാണ്. ബിസിനസുകാരന്റെ ഭാര്യയുടെ മൂന്നു തലമുറകൾക്ക് മുൻപ് സ്പെയിനിൽ നിന്നും അമേരിക്കയിലേക്ക് കുടിയേ റിയ മുത്തശ്ശിക്ക് ഉണ്ടായ തിക്താനുഭവ മാണ് അബോധാവസ്ഥയിൽ എന്നവണ്ണം അവരുടെ ശവകുടീരം സന്ദർശിച്ച് പൂക്കൾ അർപ്പിക്കുന്നതിനും ആർട്ട് മ്യൂസി യത്തിലെ മുത്തശ്ശിയുടെ യൗവ്വന കാലത്ത് വരയ്ക്കപ്പെട്ട എണ്ണഛായാ ചിത്രത്തിനു മുൻപിൽ ധ്യാനത്തിലെന്നവണ്ണം കണ്ണു നട്ടിരിക്കുവാനും ഒക്കെ മുത്തശ്ശിയുമായി രൂപസാദൃശ്യമുള്ള നായികയെ പ്രേരിപ്പിക്കുന്നത്. ഡിറ്റക്ടീവുമായി പ്രണയത്തിലായ നായികയുടെ പള്ളിമേട യുടെ ഏറ്റവും മുകളിൽ നിന്നും താഴേക്ക് വീണുള്ള യാദൃശ്ചികമായി സംഭവിച്ച ദുർമരണവും ഈ മരണത്തിൽ മനസ്സ് തളർന്ന ഡിറ്റക്റ്റീവ് കാഴ്ചയിൽ നായികയെ പോലെ ഇരിക്കുന്ന ഒരുവളെ സമാനമായ മരണത്തിലേക്ക് തള്ളിവിട്ട്

June Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World cinema FilmFestival






പ്രായശ്ചിത്തം നിർവഹിച്ച് നിർവൃതി അടയുന്നതും ഈ സിനിമയിൽ കാണാം. സാൻഫ്രാൻസിസ്കോ പശ്ചാത്തലം ആക്കി യാണ് ജയിംസ് സ്റ്റുവർട്ട്, കിം നൊവാ ക് തുടങ്ങിയവർ അഭിനയിച്ച ഈ സിനിമ നിർമ്മിച്ചിരിക്കുന്നത്.

മേളയിൽ അവസാനമായി പ്രദർശിപ്പി ക്കപ്പെട്ട സിനിമ ബേർഡ്സ് (പക്ഷികൾ) ആയിരുന്നു.ചെറുകഥയെ ആസ്പദ മാക്കി 1963ൽ പുറത്തിറങ്ങിയ സിനിമ കാലിഫോർണിയയിലെ ബോഡഗ ബേ എന്ന പ്രദേശം കേന്ദ്രമാക്കി ചിത്രീകരിച്ച താണ്. മിച്ച് ബ്രിന്നർ എന്ന അഭിഭാഷകന്റെ സേവനത്തിന് പ്രതിഫലമായി അയാളോട് അഭിനിവേശം തോന്നുന്ന നായിക മെലാനി ഡാനിയൽസ് അയാളുടെ സഹോദരിയുടെ പതിനൊന്നാം പിറന്നാളിന് സമ്മാനമായി ലൗ ബേർഡ്സിനെ വാങ്ങി ബോട്ടിൽ അവരുടെ താമസസ്ഥലമായ ഉപ ദ്വീപി ലെത്തുന്നു. അപ്പോൾ മുതൽ പക്ഷികൾ ഒറ്റയായും സംഘമായും അവൾക്കും ആ വീട്ടുകാർക്കും ആ ഉപ ദ്വീപിലുള്ള കുട്ടികൾ അടക്കമുള്ളവർക്കും നേരെ നടത്തുന്ന ആക്രമണമാണ് സിനിമ യുടെ കഥാതന്തു. ഒരാളുടെ മരണത്തിൽ വരെ അത് കലാശിക്കുന്നു. വിവിധതരം പക്ഷികളെ സ്റ്റഫ് ചെയ്തു വച്ചിരിക്കുന്ന ഒരു ഷോട്ട് ഉണ്ട് സിനിമയിൽ. തങ്ങളുടെ വംശനാശത്തിന് കാരണഭൂതരായ മനുഷ്യനെതിരെ വ്യത്യസ്ത തരം പക്ഷികൾ സംഘം ചേർന്ന് പ്രതിരോധിക്കുന്നതിനെ കുറിച്ചുള്ള പരാമർശങ്ങളും ഉണ്ട്. മനുഷ്യൻ നടത്തുന്ന പ്രകൃതി നാശത്തിനെതിരെ പക്ഷികളുടെ ചെറുത്തുനിൽപ്പാണ് ഈ ചിത്രത്തിന്റെ കാതൽ എന്ന് ഹിച്ച് കോക്ക് തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഈ സിനിമ യിൽ യഥാർത്ഥ പക്ഷികളെയും ഗ്രാഫിക്സ് പ്രചാരത്തിൽ വന്നിട്ടില്ലാത്ത കാലമായതി നാൽ യന്ത്ര പക്ഷികളെയും ഉപയോഗി ച്ചിട്ടുണ്ട്. അവസാനം അഭിഭാഷകനും കുടുംബ വും തങ്ങളുടെ അതിഥിയും അവൾ സമ്മാനിച്ച ലവ് ബേർഡ്സിനെയും കൊണ്ട് പക്ഷികളിൽ നിന്നും രക്ഷപ്പെട്ട് ദ്വീപിൽ നിന്നും പോകുന്നിടത്ത് സിനിമ അവസാനിക്കുന്നു. ആ ലൗ ബേർഡ്സിന് കൂട്ടിൽ നിന്നും ആ കുട്ടി മോചനം നൽകിയിരുന്നെങ്കിൽ ചിത്രാന്ത്യം കൂടുതൽ കരുത്ത് ആർജിക്കുമായിരുന്നു എന്ന് ചിന്തിച്ചു പോയി. ഹിച്ച്കോക്ക് ചിത്രങ്ങളുടെ മുഖമുദ്രയായ അംശങ്ങൾ എല്ലാം ഒത്തുചേർന്ന ഒരു മികച്ച സിനിമാനുഭവമായിരുന്നു അവസാന ചിത്രമായ ബേർഡ്സ്. ●




**Film Vision Monthly June 2025.Rs 2/-RNI-KER/BIL/2002/8043**

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ജലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com
Shop Online

CHIEF EDITOR : DR. B. RADHAKRISHNAN * CHIEF ASSOCIATE EDITOR: RAJAMBIKA S.S*.
ASSOCIATE EDITOR: DR. LALITHA GOURI *SUB EDITORS : JYOTHISHKUMAR.P.S. ,
GIRIJA SURENDRAN.* DESIGN: SHAJI CAD * CIRCULATION: VINODKUMAR. P. *
EDITOR AND PUBLISHER: DR. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com